കെ. എം. വേണുഗോപാൽ

കൃതജ്ഞത എന്ന രസായനം




കണ്ണടച്ചു തുറക്കും മുൻപ് ചികിത്സ കഴിയും. രോഗി വിഷമങ്ങൾ പറഞ്ഞു തുടങ്ങുമ്പോഴേക്കും വൈദ്യൻ മരുന്നു പറഞ്ഞു തുടങ്ങും. ശിഷ്യസ്ഥാനത്തുള്ള ഡോക്ടർമാർ മരുന്ന് എഴുതും. സെക്കൻഡുകൾക്കുള്ളിൽ രോഗനിർണയവും ചികിത്സയും കഴിയും. പല ചികിത്സകൾ കഴിഞ്ഞിട്ട് രോഗം ഭേദമാകാതെ വരുന്ന രോഗികളോടാണ് ഈ പെരുമാറ്റം. അതുകൊണ്ട് രോഗിയെയും കൊണ്ടുവരുന്ന എല്ലാവർക്കും സ്വാമി നിർമലാനന്ദഗിരിയുടെ ചികിത്സയിൽ തൃപ്തി വരണമെന്നില്ല. എല്ലാവരെയും തൃപ്തിപ്പെടുത്തുക സ്വാമിയുടെ ലക്ഷ്യവുമല്ല. വരുന്നവർക്കു വിശേഷ പരിഗണനകളുമില്ല. വരുന്ന മുറയ്ക്കാണ് ചികിത്സ. പ്രത്യേകിച്ച് കൺസൽട്ടേഷൻ ഫീസില്ല. ദക്ഷിണയ്ക്ക് പാത്രം വച്ചിട്ടുണ്ട്. കേരളത്തിലുടനീളം ആധ്യാത്മിക പ്രഭാഷണങ്ങളും ആയുർവേദ ചികിത്സയുമായി സഞ്ചരിക്കുന്ന ശങ്കരസമ്പ്രദായത്തിലെ സന്ന്യാസിയായ സ്വാമി നിർമലാനന്ദഗിരിയുമായി അഭിമുഖം.

കെ.എം. വേണുഗോപാൽ

അന്തരീക്ഷവുമായി പൊരുത്തപ്പെട്ടു ജീവിക്കുന്ന മനുഷ്യന് ശരീരത്തിൽ നൂറു മാറ്റങ്ങൾ വരും. ഇടയ്ക്ക് കാൻസർ വരും. ഒരു മരുന്നുമില്ലാതെ മാറിപ്പോകും. നിരന്തരമുള്ള പരിശോധനകൾ ഗുണത്തെക്കാൾ ദോഷം ചെയ്യും. സ്വാമി നിർമലാനന്ദഗിരി പറയുന്നു.

സ്വാമി നിർമലാനന്ദഗിരിയുമായി അഭിമുഖം

രോഗം ഭാവനയാണ്



ഫോട്ടോ: പ്രദീപ് എസ്.

രോഗം ഭാവനയാണ്, ആരോഗ്യവും ഭാവനയാണ് എന്ന ദർശനമുള്ള സ്വാമി നിർമലാനന്ദഗിരി കേരളത്തിനകത്തും പുറത്തും അനേക കേന്ദ്രങ്ങളിൽ സഞ്ചരിച്ച് ആയിരക്കണക്കിനു രോഗികളെ പരിശോധിക്കുന്നു. വേദങ്ങളെയും ഉപനിഷത്തുകളെയും കുറിച്ചും കാൻസർ പോലെയുള്ള രോഗങ്ങളെപ്പറ്റിയും പ്രഭാഷണങ്ങൾ നടത്തുന്നു.

അറിവിന്റെ എല്ലാ മേഖലകളെയും സ്പർശിച്ചു പോകുന്ന പ്രഭാഷണം നിശിതമായ സാമൂഹ്യ വിമർശനമാണ്. ഔഷധങ്ങളിൽ തുടങ്ങി സ്വപ്നം, സുഷുപ്തി എന്നിവയിലൂടെ കടന്ന് സരളമായ ഒരു ജീവിതാദർശത്തിലെത്തുമ്പോൾ നിർമലാനന്ദഗിരിയുടെ പ്രഭാഷണങ്ങൾ അതീത ചൈതന്യമുള്ളവയാകുന്നു.

സ്വാമി നിർമലാനന്ദഗിരിയുമായി അഭിമുഖം.

ജീവിതശൈലിയുമായി ബന്ധപ്പെട്ട രോഗങ്ങളെപ്പറ്റി പറഞ്ഞാൽ കൊള്ളാം.

ജീവിതശൈലീ രോഗങ്ങൾ എന്നു പറയുമ്പോൾ പല ഘടകങ്ങൾ പരിശോധിക്കണം. തൊഴിൽ ഒരു ജീവിതശൈലി തരുന്നുണ്ട്. ദേശം, കാലം, വയസ്സ്, സാമൂഹിക സംഘടിത പ്രവർത്തനങ്ങൾ, മതം, ജാതി എന്നിവയും ജീവിതശൈലിയെ ബാധിക്കുന്നുണ്ട്. മതജാതികളിൽ തുടങ്ങുന്നതായിരിക്കും കേരളത്തിന്റെ അന്തരീക്ഷത്തിൽ ഉചിതം. കേരളത്തിലെ ഓരോ ജാതിക്കും സർവതോഭദ്രമായ ഒരു ഭക്ഷണരീതി ഉണ്ടായിരുന്നു. ജാതീയമായി തൊഴിൽ ഉണ്ടായിരുന്നു. കല്ലാശാരി, മരയാശാരി, കൊല്ലൻ, തട്ടാൻ എന്നീ സമുദായങ്ങൾ പാരമ്പര്യ വഴിയിലാണ് തൊഴിൽ ചെയ്തുപോന്നിരുന്നത്. ആ തൊഴിൽ അവർ മാന്യമായി ചെയ്തിരുന്നു. അമിതമായ പണത്തിനു മോഹിച്ചിരുന്നില്ല. മെട്രോനഗരങ്ങളിൽപ്പോലും കല്ലാശാരി അമിതമായ കൂലി വാങ്ങുന്നില്ല. അവർക്ക് ആ തൊഴിലിലുള്ള വെടിപ്പും പൂർണതയും മറ്റു സമുദായങ്ങളിൽ നിന്നു വന്ന് കല്ലു കെട്ടുന്നവർക്കില്ല. ആക്ടിവിസ്റ്റുകളും മാധ്യമങ്ങളും ചേർന്നാണ് തൊഴിലിന്റെ പരമ്പരാഗത സമ്പ്രദായങ്ങളെ നശിപ്പിച്ചത്. പരമ്പരാഗത സമ്പ്രദായങ്ങൾ നശിക്കാതെ അവർക്കു മാന്യമായ ശമ്പളം നൽകി നിലനിർത്തുന്നതിനു പകരം അതുമായി നൈസർഗിക ബന്ധമില്ലാത്തവരെ ആ രംഗത്ത് എത്തിച്ചതാണ് നിങ്ങളുടെ പ്രവർത്തനങ്ങളുടെ പരിണിതഫലം. ഇതു ജനങ്ങൾക്ക് ഒരുപാടു സ്വാതന്ത്ര്യം നൽകി എന്നു പറഞ്ഞാൽ സമ്മതിക്കാം. ഒപ്പം, ഒട്ടേറെ രോഗങ്ങളും നൽകി എന്നതാണു വാസ്തവം. നിരന്തരമായി പാരമ്പര്യവഴിക്ക് ഇരുമ്പുമായി പ്രവർത്തിക്കുന്ന ഒരുവന് ഇരുമ്പ് രോഗം തരില്ല. ഇരുമ്പുരുക്കുന്ന ചൂടുമായി അവൻ സാത്മ്യം പ്രാപിക്കുകയാണ്. സാത്മ്യം എന്നു പറയുന്നത് ആരോഗ്യമാണ്. അവൻ തൊഴിലിനോടു സാത്മ്യം പ്രാപിക്കുമ്പോൾ അവന്റെ കുട്ടി ഇരുമ്പുപൊടിയിലേക്കാണു ജനിച്ചു വീഴുന്നത്. അതു മാറിയിട്ട് പതിനഞ്ചാം വയസ്സിൽ ഒരു കുട്ടി ഇരുമ്പുപണിക്കു പോയാൽ അവന് അതുമായി സാത്മ്യമില്ല. ഈ വഴിക്ക് ഒരുപാടു രോഗങ്ങളെ ആവിഷ്കരിച്ചെടുത്തിട്ടുണ്ട് ആധുനിക സമൂഹം. കല്ലുചെത്തുന്നവർ കല്ലുമായി പൊരുത്തപ്പെട്ടാണു ജീവിക്കുന്നത്. സ്വർണം ഉരുക്കിയും പണിഞ്ഞും ജീവിക്കുന്നവർ. തൊഴിൽ പരമ്പരാഗതം ആയിരുന്നപ്പോൾ അതിൽ സത്യസന്ധത പുലർത്തിയിരുന്നു. പാരമ്പര്യമില്ലാത്തവർ വന്നപ്പോൾ അതിൽ മായം വന്നു. സത്യസന്ധത പോയി. രോഗത്തിന്റെ കാര്യം പറയുമ്പോൾ ശരീരം, ഇന്ദ്രിയ സ്വത്വ ആത്മ-ഇവയിലെല്ലാം വൈകൃതങ്ങൾ വരാൻ തുടങ്ങി. തൊഴിൽ ചെയ്തു വീട്ടിൽ വരുമ്പോൾ ഇയാൾ ബന്ധപ്പെടുന്ന വസ്തുക്കൾ കുടുംബത്തിൽ അലർജി ഉണ്ടാക്കാൻ തുടങ്ങി.

ജോലിയുമായി ബന്ധപ്പെട്ട മൂല്യങ്ങൾ തകർന്നതാണോ?

മൂല്യബോധത്തിലൂന്നിയ ഒരു മതമുണ്ടായിരുന്നു. കൃത്യമായ അനുഷ്ഠാന സമ്പ്രദായങ്ങളോടുകൂടി. ഇന്ന് ആ മതമില്ല. ആവിഷ്കൃത മതങ്ങളാണ് ഇന്നുള്ളതെല്ലാം. അതിന് ദിശാബോധം പോയി. മതം സംഘടിതശക്തിയായി നേടാനുള്ള ഓട്ടം നടത്തുന്നത് എല്ലാവരെയും രോഗികളാക്കി. മതങ്ങൾ മറ്റു മതങ്ങളെ അനുകരിക്കാൻ തുടങ്ങി. പള്ളിയിലെ പല ചടങ്ങുകളും ക്ഷേത്രത്തിലും വരാൻ തുടങ്ങി. പള്ളിയിൽ വച്ചു വിവാഹം നടക്കുന്നതുകൊണ്ട് ക്ഷേത്രങ്ങളിലും വിവാഹം വന്നു തുടങ്ങി. ഷോപ്പിങ് കോംപ്ലക്സുകൾ വന്നു തുടങ്ങി. കച്ചവടം ക്ഷേത്രത്തിനോടു ചേർന്നു നടത്തിയിട്ടില്ല. സെമറ്റിക് രീതിയാണത്. കുറച്ചുകൂടി കഴിഞ്ഞാൽ എനിക്കു തോന്നുന്നത് ശവസംസ്കാരവും ക്ഷേത്രത്തിൽ ആയിക്കൂടെന്നില്ല.

ആരോഗ്യമുള്ള സമൂഹത്തിൽ സമുദായങ്ങൾ നടത്തുന്ന സ്വാംശീകരണങ്ങളായും ഇതിനെ കാണാമല്ലോ?

ഇങ്ങനെ വരുമ്പോൾ എന്തെല്ലാം രോഗങ്ങളുണ്ടാകും. അതിനുള്ള മുൻകരുതലുകൾ നമ്മൾ എടുത്തിട്ടുണ്ടോ? ക്ഷേത്രപ്രവേശനവിളംബരം കഴിയുമ്പോൾത്തന്നെ വേണ്ടത്ര ശൗചാലയങ്ങൾ ക്ഷേത്രങ്ങളോടൊപ്പം ഉണ്ടായിരുന്നില്ല. ഇത്രയധികം ആളുകൾ വരുന്ന ഒരു സാമൂഹിക ആരാധനാസ്ഥലമായിരുന്നില്ല ക്ഷേത്രം. ക്ഷേത്രം മാറുകയും അവിടെ ആളുകൾ വരികയും ചെയ്യുമ്പോൾ അതിനു വേണ്ടുന്ന ആരോഗ്യപരിപാലന സംവിധാനങ്ങൾ ആവശ്യമാണ്.

രാത്രി ഉറങ്ങാനുള്ളതാണ്. അത് ശാന്തമായി ഉറങ്ങണം. ആൽബേർ കാമുവിനും സാർത്രിനും ശേഷം വന്ന മഹാന്മാർ എഴുതുന്ന സീരിയലുകൾ കണ്ട് ഇപ്പോൾ എങ്ങനെ ശാന്തമായി ഉറങ്ങും?

എല്ലാവർക്കും പോകാനുള്ള സ്ഥലമല്ലേ ക്ഷേത്രങ്ങൾ?

എല്ലാവർക്കും പോകാനുള്ള സ്ഥലമല്ല ക്ഷേത്രം എന്ന് അതിന്റെ ഘടന നോക്കിയാലറിയാം. അപൂർവമായി, ഉപാസകനു മാത്രം പോകാനുള്ള സ്ഥലമാണ്. അത് ജാതീയമോ മതപരമോ ആണെന്നും പറയാൻ വയ്യ. ഉപാസകനുവേണ്ടിയുള്ളതാണ് ക്ഷേത്രങ്ങൾ എന്നും ആഘോഷങ്ങൾക്കുള്ളതല്ല എന്നും ക്ഷേത്രത്തിന്റെ ഐതിഹ്യങ്ങൾ നോക്കിയാലറിയാം. ഉഡുപ്പിയിലെയും ചിദംബരത്തെയും മറ്റും ഐതിഹ്യങ്ങൾ. മാറ്റം വന്നപ്പോൾ രോഗങ്ങൾ ഉണ്ടാകാത്ത വിധം പരിരക്ഷിക്കാൻ നമ്മൾ മറന്നു പോയി.

തൊഴിലുമായി ബന്ധപ്പെട്ട ജീവിതശൈലീരോഗങ്ങളോ?

തൊഴിലിന്റെ മഹത്വം പോയി. സത്യം പറഞ്ഞാൽ ഇന്നാണ് തൊഴിൽ വിലയ്ക്കു വാങ്ങുന്നത്. തൊഴിൽ ചെയ്യാൻ ഒരു വിഭാഗം. തൊഴിലിന്റെ ഉടമ വേറൊരു വിഭാഗം. പോസ്റ്റിൽ കയറാനുള്ള ഉദ്യോഗം ഒരാൾക്കുണ്ട്. അയാൾക്ക് അത് ഇഷ്ടമില്ല. അയാൾ കോൺട്രാക്റ്റായി ഒരാളിനെ വയ്ക്കുന്നു. സർക്കാരിൽനിന്നു ശമ്പളം കിട്ടു

ന്നത് തൊഴിലുടമയ്ക്ക്. ഉപഭോക്താവിൽനിന്നു ശമ്പളം വാങ്ങി തൊഴിലു ചെയ്യുന്നവനു കൊടുക്കുന്നു. സർജറിയിൽവരെ ഇതുണ്ട്. ഈ സമയത്ത് തനിക്കു കിട്ടുന്ന പ്രതിഫലം തന്റെ അധ്വാനമല്ല എന്നും ശരീരത്തിന്റേതല്ല എന്നും ഓരോ കോശത്തിനും അറിയാം. അത് കോശങ്ങളിലുണ്ടാക്കുന്ന രോഗങ്ങളും ജീവിതശൈലീരോഗങ്ങളിൽപ്പെടും.

ദിനചര്യയും ഋതുചര്യയും

ഉയർന്ന സമ്മർദമുള്ള ജോലികൾ ഉടലിനെ എങ്ങനെ ബാധിക്കുന്നു?

സമ്മർദമുള്ള ജോലികൾ ആദ്യം മനസ്സിനെ ബാധിക്കും. സൈക്കോസൊമാറ്റിക്കായി ശരീരത്തെ ബാധിക്കുന്നു. പ്രമേഹം, രക്തസമ്മർദം, ഹൃദ്രോഗം തുടങ്ങിയവയൊക്കെ ഇങ്ങനെ ഉണ്ടാകുന്നവയാണ്. അത്തരം രോഗങ്ങളുടെ എണ്ണം പെരുകിവരികയാണ്. സ്ത്രീകൾ തൊഴിൽമേഖലയിലേക്കു പോകാൻ തുടങ്ങിയതോടുകൂടി അവരുടെ ശൗചാദികൾ ബുദ്ധിമുട്ടിലായി (ശൗചാലയങ്ങളും മറ്റും കൃത്യമായി ഇല്ലായിരുന്നു). സ്ഥലംമാറ്റം മൂലമുണ്ടാകുന്ന വൈകാരിക പ്രശ്നങ്ങളും അവിടെയുണ്ടാകുന്ന ബാഹ്യബന്ധങ്ങളും രോഗങ്ങൾ കൊണ്ടുവരുന്നു. ഇതിന്റെയൊന്നും കണക്കു നമുക്ക് കൃത്യമായി ഇല്ല.

കൗമാരം ഇന്നു വളരെ നേരത്തേയാണ്. പെൺകുട്ടികൾ പത്തുവയസ്സിൽ താഴെ പ്രായപൂർത്തിയാകുന്നു. കൗമാരക്കാരുടെ വൈകല്യങ്ങൾ വർധിക്കുംവിധമുള്ള ചുറ്റുപാടുകൾ കൂടുതലുണ്ട്. കൗമാരം കഴിയുമ്പോഴേക്കും യൗവനവും പോവുകയാണ്.

തൊഴിലിടങ്ങളിലെ വസ്ത്രധാരണരീതി. യൂണിഫോമുകളെല്ലാം ടെറിലിനോ ടെറിക്കോട്ടണോ ആണ്. ഇന്ത്യൻ കാലാവസ്ഥയിൽ ഒട്ടും യോജിച്ചതല്ല ഇത്. രാത്രിയിൽ ലഘുഭക്ഷണം കഴിക്കുകയും വിസ്തൃതമായതും മൃദുലമായതുമായ ശയ്യയിൽ കിടന്നുറങ്ങുകയും വേണം എന്നുണ്ട്. പലർ കിടന്നിടത്തു കിടക്കുക, പലരെയും കയറ്റി കട്ടിലിൽ ഇരുത്തുക എന്നിവയിലൂടെ രാത്രിചര്യയുടെ വ്യവസ്ഥാപിതത്വങ്ങൾ മാറിമറിയുന്നു. രാത്രിയിൽ ലഘുഭക്ഷണം എന്നതു മാറി രാത്രിയിലാണ് ഏറ്റവും കൂടുതൽ ഭക്ഷണം കഴിക്കുന്നത്. ഐടി മേഖല മുഴുവൻ പകലുറങ്ങുകയാണ്. ഉറക്കത്തിന് ഒരു പ്രാധാന്യവും ഇല്ലാത്ത കാലമാണ്. തീരെ കൊച്ചുകുട്ടികൾ പത്തിരുപതു മണിക്കൂറെങ്കിലും ഉറങ്ങണം. രാത്രി ഉറങ്ങാനുള്ളതാണ്. അത് ശാന്തമായി ഉറങ്ങണം. ആൽബേർ കാമുവിനും സാർത്രിനും ശേഷം വന്ന മഹാന്മാർ എഴുതുന്ന സീരിയലുകൾ കണ്ട് ഇപ്പോൾ എങ്ങനെ ശാന്തമായി ഉറങ്ങും?

ദിനചര്യ, രാത്രിചര്യ, ഋതുചര്യ എന്നിവയിൽ ഋതുചര്യ ഏറ്റവും നന്നായി പറഞ്ഞിരിക്കുന്നത് ചരകനാണ്. സമാനമായി പറഞ്ഞിട്ടുള്ള സാഹിത്യകൃതിയാണ് കാളിദാസന്റെ ഋതുസംഹാരം. ഭാവനകൊണ്ടു മാത്രം അതെഴുതി എന്നു പറയാൻ പറ്റില്ല. വൈദ്യശാസ്ത്ര സൂക്ഷ്മതകൾ അതിലുണ്ട്. ആരോഗ്യകാര്യങ്ങളിൽ ഈ മൂന്നു ബാഹ്യ കാലങ്ങൾ ഉണ്ട്.

അതെന്താണ് ബാഹ്യകാലങ്ങൾ എന്നു പറഞ്ഞത്?

ആന്തരികകാലങ്ങളുണ്ട്. ശൈശവം, കൗമാരം, യൗവനം, വാർധക്യം. ശൈശവത്തിന്റെ ആഹാരങ്ങൾ, ശൈശവത്തിലെ വിഹാരങ്ങൾ, കളികൾ. ശൈശവം നമ്മുടെ കുട്ടികൾക്ക് ഇല്ലാതെയായി, പുതിയതരം സ്കൂളുകൾ വന്നതോടെ. കുട്ടികളുടെ കളിപ്പാട്ടങ്ങളും ശൈശവസഹജങ്ങൾ അല്ല. വളരെ ബുദ്ധിയുപയോഗിക്കേണ്ടവയാണ്. പെട്ടെന്ന് ബുദ്ധിയിൽ വരുന്ന വൈകല്യങ്ങളൊക്കെ ഇതിന്റെ ഫലമാണെന്നു തോന്നുന്നു. ഉന്മാദങ്ങളും മറ്റും കുട്ടികൾക്കുണ്ടാകുന്നത് മാതാപിതാക്കളുടെ അമിതപ്രതീക്ഷ കൊടുക്കുന്ന സമ്മർദത്തിൽനിന്നാകാം. ബാല്യവും ബാല്യത്തിലെ കൂട്ടുകെട്ടും കളികളും ഇല്ല. അന്തർദേശീയ തലത്തിൽ പണമുണ്ടാക്കാനുള്ള കളികളാണു കളിക്കുന്നത്. ഗീതാപാരായണമത്സരം, ബൈബിൾ പാരായണമത്സരം എന്നിങ്ങനെ മത്സരങ്ങളാണ് എല്ലായിടത്തും. സ്നേഹിക്കാനോ പരസ്പരം വിശ്വസിക്കാനോ കുട്ടികളെ പഠിപ്പിക്കാത്തിടത്തോളംകാലം ബാല്യവും ഏതാണ്ട് നഷ്ടത്തിലാണ്.

കൗമാരകാലത്താണ് സ്വപ്നങ്ങളും സംഘർഷങ്ങളും സംജാതമാകുന്നത്. കൗമാരം ഇന്നു വളരെ നേരത്തേയാണ്. പെൺകുട്ടികൾ പത്തുവയസ്സിൽ താഴെ പ്രായപൂർത്തിയാകുന്നു. കൗമാരക്കാരുടെ വൈകല്യങ്ങൾ വർധിക്കുംവിധമുള്ള ചുറ്റുപാടുകൾ കൂടുതലുണ്ട്. കൗമാരം കഴിയുമ്പോഴേക്കും യൗവനവും പോവുകയാണ്. ഇപ്പോൾ ഇരുപത്തിരണ്ടു വയസ്സാകുമ്പോഴേക്കും പെൺകുട്ടികളിൽ ഓവേറിയൻ സിസ്റ്റ്, ഫൈബ്രോയിഡ്, തൈറോയിഡ് പ്രശ്നങ്ങൾ ഒക്കെ വന്ന് മെൻസ്ട്രൽ സൈക്കിൾ താറുമാറാകുന്നു. ഇരുപത്തഞ്ചു വയസ്സാകുമ്പോഴേക്കും യൂട്രസും ഓവറിയും നീക്കംചെയ്യേണ്ടിവരുന്നവരും കുറവല്ല. അതും വിവാഹത്തിനു മുൻപ്. വിപുലമായി അന്വേഷിക്കേണ്ടുന്ന കാര്യമാണിത്. മുപ്പതു വയസ്സിനു മുൻപ് യൗവനം തീരുന്നു. വാർധക്യമാണെങ്കിൽ വളരെ നേരത്തേ എത്തുന്നു. വാർധക്യം ഇല്ല എന്നും പറയാം.

കാലത്തെ ആഭ്യന്തരവും ബാഹ്യവുമായി തിരിച്ചിട്ടുണ്ട്. ദിനചര്യ, ഋതുചര്യ എന്നിവ കൂടാതെ അവസ്ഥാചര്യ ഉണ്ട്. ഗർഭകാലത്തെ പരിചരണവും മര്യാദകളും ഗർഭാവസ്ഥയിൽ പാലിക്കണം. ഗർഭം ഒരു രോഗമാണ് എന്നു പുതിയ വൈദ്യം പറയും. വരുമ്പോൾ പേഷ്യന്റ് കാർഡാണ് കൊടുക്കുന്നത്. ആരോഗ്യമുള്ള പ്രസവം ഉണ്ടാകാതിരിക്കത്തക്കവിധത്തിലാണ് കാര്യങ്ങളുടെ പോക്ക്. നിലവിലുള്ള സംവിധാനത്തിൽ ഇക്കാര്യങ്ങൾ നമ്മൾ ചിന്തിച്ചിട്ടില്ല. ഈ വിഷയങ്ങൾ ചിന്തിച്ചിട്ടുള്ള പ്രാചീന ഗ്രന്ഥങ്ങൾ നമുക്കു സമ്മതമല്ല. ഋതുക്കളെയും പകലിനെയും രാത്രിയെയും കുറിച്ച് എന്താണു പറയാനുള്ളത് എന്നന്വേഷിക്കുമ്പോഴാണ് വൈദ്യശാസ്ത്രം സമഗ്രമാകുന്നത്. ഇക്കാര്യത്തിൽ പുതിയ വൈദ്യത്തിന് നിശ്ശബ്ദതയാണുത്തരം. പരിചയസമ്പന്നരായ അലോപ്പതി ഡോക്ടർമാർക്കുപോലും ഋതുചര്യകളെപ്പറ്റി ഒന്നും പറയാനില്ല. ഹിപ്പോക്രിറ്റസിന്റെ വൈദ്യം മാത്രമല്ല, ചരകന്റെയും ശുശ്രുതന്റെയും ഗ്രന്ഥങ്ങളും വൈദ്യശാസ്ത്രത്തിന്റെ പൊതുസ്വത്താണ്. ദേശകാലവ്യത്യാസം ഇല്ല. അതിലെന്നല്ല, കാര്യങ്ങൾ പഠിക്കാനുള്ള തൃഷ്ണയോ പറഞ്ഞുകൊടുക്കാനുള്ള ആർജവമോ പുതിയ വൈദ്യം കാണിക്കുന്നില്ല.

ദേശം എങ്ങനെയാണ് ആരോഗ്യത്തെ ബാധിക്കുന്നത്?

അനൂപദേശം, മധ്യദേശം, ജാംഗലദേശം എന്നിങ്ങനെ വ്യത്യാസങ്ങളുണ്ട്. കുറ്റിക്കാടുകൾ നിറഞ്ഞ പ്രദേശമാണ് ജാംഗലദേശം. ചെറിയതോതിൽ വൃക്ഷങ്ങൾ നിറ

ഞാത് മധ്യദേശവും ചതുപ്പു കലർന്നത് അനൂപദേശവുമാണ്. ഒരു ദേശത്ത് അനേക തലമുറ ജീവിച്ചവർക്ക് ഉണ്ടാകാത്ത രോഗം അവിടെ പുതിയതായി കുടിയേറി താമസിക്കുന്നവർക്കു വരും. കുടിയേറിയവർ ചില രോഗങ്ങളെ ദേശത്തിനു സംഭാവന ചെയ്യുകയും ചെയ്യും.

അതുകൊണ്ടാണ് ദേശങ്ങളെ മറന്നുള്ള വിവാഹങ്ങളും മറ്റും പണ്ട് അനുവദിക്കാതിരുന്നത്. ജനിച്ചുജീവിക്കുന്നതിന് നൂറു കിലോമീറ്റർ ചുറ്റളവിലുള്ള ആഹാരവും വെള്ളവും ഉപയോഗിച്ച് ഒരാൾ കഴിഞ്ഞാൽ പല രോഗങ്ങളും ഒഴിവാക്കാം.

തൊഴിൽ സംബന്ധമായി പോകേണ്ടി വരുമല്ലോ?


കാസർകോട്ടുകാരനെ തിരുവനന്തപുരത്തു നിയമിക്കുകയല്ല ഗവൺമെൻറുകൾ ചെയ്യേണ്ടത്. കുടുംബത്തോടൊപ്പം താമസിച്ച് നാട്ടുകാരുടെ ഇടയിൽ കഴിഞ്ഞാൽ തെറ്റു ചെയ്യാനുള്ള പ്രവണത കുറയും. രോഗങ്ങളും കുറയും.

അപരിചിത ദേശങ്ങളിൽ അലഞ്ഞുണ്ടാകുന്ന മാനസികോല്ലാസം കൂടി ആരോഗ്യത്തിനു വേണ്ടതല്ലേ?

അങ്ങനെയുള്ള യാത്രകൾക്ക് ഒരു നിശ്ചിത കാലമുണ്ട്. ആ കാലത്ത് യാത്ര ചെയ്യുന്നതും അറിവു നേടുന്നതും ഇതിനു വെളിയിലുള്ള കാര്യമാണ്.

പക്ഷേ, നൂറു കിലോമീറ്റർ എന്നു വ്യവസ്ഥ വയ്ക്കുമ്പോഴും അതിൽ പല തിണകൾ വരുന്നുണ്ടല്ലോ?

ഉണ്ട്. ഏകദേശ കണക്കാണ്. നൂറു കിലോമീറ്ററിനു വെളിയിൽനിന്നുള്ള ഭക്ഷണം കഴിക്കരുത് എന്ന സങ്കല്പം WHO മുന്നോട്ടു വയ്ക്കുന്നുണ്ട്. ഇവിടെ ചൂടാണ്. വേറൊരു ദേശത്ത് തണുപ്പിൽ ഉണ്ടാകുന്ന പദാർഥത്തിന്



ചക്ക ഏതെങ്കിലും കാരണവശാൽ കർക്കടക മാസത്തിലേക്കു നീണ്ടു നിന്നുപോയാൽ പഴയ അമ്മമാർ അത് കുട്ടികൾക്കു കൊടുക്കില്ല. നല്ല ബലമുള്ള പണിക്കാർക്കു മാത്രമേ കൊടുക്കൂ. ശീതവീര്യമുള്ള ചക്ക തണുപ്പുകാലത്തു കുട്ടികൾക്കു വയറുവേദനയുണ്ടാക്കും.

ഉഷ്ണവീര്യമാണുള്ളത്. ഉഷ്ണകാലത്ത് ശീതവീര്യമുള്ള പദാർഥങ്ങൾ ഉണ്ടാവുക എന്നത് പ്രകൃതിനിയമമാണ്. ചക്കയും മാങ്ങയും ഉഷ്ണകാലത്തുണ്ടാകുന്നത് അതുകൊണ്ടാണ്. ഇതേ ചക്ക ഏതെങ്കിലും കാരണവശാൽ കർക്കടക മാസത്തിലേക്കു നീണ്ടു നിന്നുപോയാൽ പഴയ അമ്മമാർ അത് കുട്ടികൾക്കു കൊടുക്കില്ല. നല്ല ബലമുള്ള പണിക്കാർക്കു മാത്രമേ കൊടുക്കൂ. ശീതവീര്യമുള്ള ചക്ക തണുപ്പുകാലത്തു കുട്ടികൾക്കു വയറുവേദനയുണ്ടാക്കും.

ഓരോ ഋതുവിലും ശരീരത്തിനു വേണ്ടുന്നതു മാത്രമേ പ്രകൃതിയിൽ ഉണ്ടാകൂ എന്ന സങ്കൽപ്പം ശരിയാണോ?

അങ്ങനെയേ വരൂ.

വൈദ്യജന്യരോഗങ്ങൾ

ഒരു രോഗത്തിന് ഒരു മരുന്നു കൊടുക്കുന്ന രീതിയിൽ ചികിത്സ പണ്ടത്തേതിനെക്കാൾ എളുപ്പമാവുകയല്ലേ ചെയ്തത്?

ഏകൗഷധങ്ങൾ സൂക്ഷിച്ചുപയോഗിക്കണമെന്ന് ആയുർവേദം പറയും. ഏകൗഷധങ്ങൾക്കു പകരം യോഗൗഷധങ്ങളാണ് ആയുർവേദത്തിൽ. ഒറ്റ ഔഷധമാകുമ്പോൾ അതിനുള്ളിൽ ഒരു പോസിറ്റീവ് ഫോഴ്സും ഒരു നെഗറ്റീവ് ഫോഴ്സും ഉണ്ടാകും. പോസിറ്റീവ് ഫോഴ്സ് മരുന്നാണ്. നെഗറ്റീവ് ഫോഴ്സ് മരണമാണ്. കോശങ്ങളെ മൃത്യുവിലേക്കു കൊണ്ടുപോകുന്നതാണ് മരുന്നിന്റെ നെഗറ്റീവ് ഫോഴ്സ്. റുവോൾഫിയ സെർപ്പന്റീന രക്തസമ്മർദത്തിനുള്ള മരുന്നാണ്. ആത്മഹത്യാ പ്രവണത ഉണ്ടാക്കുന്നതുമാണ്. അതില്ലാതാകണമെങ്കിൽ ചില യോഗങ്ങൾ ചേരണം. പാണലിന്റെ വേരുണ്ടെങ്കിൽ സർപ്പഗന്ധിയുടെ ദോഷങ്ങൾക്കു പരിഹാരമാകും. നീർമരുതിന്റെ തോലുണ്ടെങ്കിൽ ഹൃദയത്തിന്റെ പ്രശ്നങ്ങൾക്കു മാറ്റം വരും. എന്നാൽ ആധുനിക വൈദ്യശാസ്ത്രം വളർന്നുവന്നിട്ടുള്ളത് ഏകൗഷധമാനദണ്ഡത്തിലാണ്. അതു നിലനിൽക്കുമ്പോൾ വൈദ്യജന്യരോഗങ്ങൾ (ayatrogenic disorders) കൂടുതലുണ്ടാകും. വൈദ്യജന്യരോഗങ്ങൾ മൂന്നു വിധമാണ്. ഒന്ന് ഔഷധങ്ങളിൽനിന്ന്. രണ്ട്, വൈദ്യവിശാരദന്മാരുടെ വാക്കുകൾ ഉണ്ടാക്കുന്ന ആധിയിൽ നിന്ന്. മൂന്ന്, രോഗനിർണയത്തിലേക്കെത്തുവാൻ വേണ്ടിയുള്ള പരിശോധനകളിൽനിന്ന്. സബ്ജക്ടീവ് സിംപ്റ്റംസ്, ഒബ്ജക്ടീവ് സിംപ്റ്റംസ്, കാർഡിനൽ സിംപ്റ്റംസ് എന്ന് മൂന്നു രീതിയിൽ രോഗലക്ഷണങ്ങളെടുക്കും. ഇതിൽ കാർഡിനൽ സിംപ്റ്റംസിനു പോകുമ്പോൾ സ്കാൻ, എക്സ്റേ, ബ്ലഡ്ടെസ്റ്റ്, യൂറിൻ ടെസ്റ്റ് ഇവയിലൂടെയൊക്കെ കടന്നുപോകുമ്പോൾ ഉണ്ടാകുന്ന രോഗങ്ങൾ. ഇങ്ങനെ പ്രൊസീജിയറിൽനിന്നും ഔഷധത്തിൽനിന്നും വൈദ്യമനസ്സിൽനിന്നും ഇപ്പോൾ രോഗങ്ങളുണ്ടാകുന്നുണ്ട്. രോഗം മറിയില്ലെങ്കിൽപ്പോലും രോഗം മാറ്റുന്ന രക്ഷകനിൽനിന്ന് രോഗം വരരുത്. ആയുർവേദ അഭിജ്ഞന്മാർക്ക് ഇതു നിർബന്ധമുണ്ടായിരുന്നു. അങ്ങനെ യാതൊരു നിർബന്ധവുമില്ലാതെയാണ് കാര്യങ്ങൾ പോകുന്നത്. ഉദാഹരണത്തിന് വാക്സിനേഷനുകൾ. വാക്സിനേഷനു വിധേയമാകുന്ന കുട്ടി മലമൂത്രവിസർജനം ചെയ്യുമ്പോൾ ശ്രദ്ധിക്ക

ണം. കോട്ടയത്ത് രണ്ടുമൂന്നു വർഷം മുൻപാണ്, നാനൂറിലധികം പേർക്ക് ഗല്ലിയൻ ബാരി സിൻഡ്രോം റിപ്പോർട്ട് ചെയ്തു. വാക്സിനേഷനു വിധേയമായ കുട്ടിയെ ശുചിയാക്കുമ്പോൾ മുതിർന്നവരിലേക്ക് വാക്സിനിലുള്ള രോഗാണു കയറുന്നു. ജി ബി സിൻഡ്രോം പോളിയോ വാക്സിന്റെ സൈഡ് ഇഫക്ടാണ്. മാർട്ടിൻ ഡെയ്ൽഫാർമാകോപ്പിയയുടെ മുപ്പത്തിയൊന്നാമത്തെ പതിപ്പിൽ വാക്സിനേഷന്റെ അപകടങ്ങളെപ്പറ്റി പറയുന്നുണ്ട്.

പോളിയോ വാക്സിൻ കൊടുക്കാതിരിക്കുന്നതു ശരിയാണോ?

നിങ്ങളുടെ കുട്ടിക്കു പോളിയോ വാക്സിൻ കൊടുക്കണമെന്ന് യാതൊരു നിർബന്ധവുമില്ലെന്നാണ് മെഡിക്കൽ ബോർഡ് പറയുന്നത്. ഉദ്യോഗസ്ഥന്മാർ വന്നു നിർബന്ധിച്ചാലും കൊടുക്കേണ്ടതില്ല. വിവരാവകാശകമ്മിഷൻ വഴി ഞാൻ മറുപടി വാങ്ങിവച്ചിട്ടുണ്ട്. പോളിയോ വാക്സിൻ എടുക്കണമെന്ന് യാതൊരു സ്റ്റാറ്റ്യൂട്ടറി വാണിങ്ങുമില്ല. നിങ്ങളുടെ കുട്ടിയെ നിങ്ങൾക്ക് ഇഷ്ടമുള്ളതുപോലെ വളർത്താം. മന്തിന്റെ പ്രതിരോധമരുന്നു വന്നു. മന്തുരോഗത്തെപ്പറ്റി ആരോഗ്യവകുപ്പ് കുട്ടികളെ കാണിച്ച ചിത്രം മുഴുവൻ ഭീകരദൃശ്യങ്ങളായിരുന്നു. ഇതൊക്കെ മാനസികമായി കുട്ടികളെ ബാധിക്കും. പേടിപ്പിച്ചാണ് നമ്മൾ മരുന്ന് കൊടുക്കുന്നത്. ഔഷധങ്ങളുടെ സൈഡ് ഇഫക്ടുകൾ തരുന്ന രോഗങ്ങൾ ഒപ്പമുണ്ട്. സൈഡ് ഇഫക്ടില്ലാത്ത മരുന്നുകൾ മറ്റെവിടെയെങ്കിലുമുണ്ടോയെന്നു വൈദ്യൻ അന്വേഷിക്കണം. മോഡേൺ മെഡിസിൻ കൊടുക്കുന്നത് ഫാർമസിസ്റ്റാണ്, ചില രാജ്യങ്ങളിലെങ്കിലും. ന്യൂസിലൻഡിലൊക്കെ അവർ എല്ലാ വർഷവും പരിക്ഷ പാസാകണം. ഡോക്ടർമാർ പേറ്റന്റ് മരുന്ന് എഴുതാൻ പാടില്ല. ജെനറിക് ഇൻഡക്സിൽ മാത്രമേ എഴുതാവൂ. ക്യാപിറ്റൽ ലെറ്ററിൽ എഴുതണം. കാര്യങ്ങൾ രോഗിയും അറിയേണ്ടതാണ്. ഇങ്ങനെ ചില മര്യാദകൾ പാലിച്ചാൽ വ്യത്യാസങ്ങളുണ്ടാകും.

ഓരോ വൈദ്യശാഖയ്ക്കും എത്തിക്സിൽ വ്യത്യാസമുണ്ടല്ലോ?

എല്ലാറ്റിനെയും ക്രോഡീകരിച്ച് ഒരു നൈതികത ഉണ്ടാകേണ്ടിയിരിക്കുന്നു. ഔഷധമായി ഒരുപാടു വിഷവസ്തുക്കൾ ഉപയോഗിക്കുന്നുണ്ട്. ആഴ്സെനിക്കും മെർക്കുറിയും എല്ലാ വൈദ്യശാസ്ത്രവും ഉപയോഗിക്കുന്നുണ്ട്. വൈറ്റമിൻ സിയുടെ കുറവുകൊണ്ടു വരുന്ന കാൻസറുണ്ട്. വൈറ്റമിൻ സി കൊടുത്താൽ അതു മാറുകയും ചെയ്യും. എല്ലിലും മറ്റും വരുന്ന കാൻസറുകൾ വൈറ്റമിൻ ഡിയുടെ അഭാവംകൊണ്ടുണ്ടാകും. ഇന്ത്യയിൽ അതു കുറവാണ്. ഇന്ത്യയിൽ സുഖലോലുപന്മാരിൽ മാ

ആഹാരനീഹാര മൈഥുനനിദ്രകളിൽ വികലതകൾ പുലർത്തിയാലും ശാസ്ത്രം രക്ഷിച്ചുകൊള്ളും എന്ന തോന്നൽ വിദ്യാസമ്പന്നരിൽ ആധുനിക വൈദ്യം ഉണ്ടാക്കിയിട്ടുണ്ട്. ഏറെക്കാലത്തെ ചികിത്സയ്ക്കുശേഷം രോഗം മാറുകില്ല എന്ന് അവർ ബോധ്യപ്പെടുത്തുകയും ചെയ്യും.

ത്രമാണിതു കാണുന്നത്. വെയിലു കൊള്ളാത്തവരിൽ. രസതന്ത്രം അറിഞ്ഞാൽത്തന്നെ വൈദ്യൻ നന്നാവും.

അലോപ്പതി ഡോക്ടർമാർ ആയുർവേദത്തിനെതിരെ പറയുന്ന ആരോപണവും ഇതു തന്നെയാണ്. സിദ്ധഭസ്മവും മറ്റും കഴിച്ചാൽ മെർക്കുറി ചെന്ന് കിഡ്നി നശിക്കും എന്ന്?

സിദ്ധമകരധ്വജം ആയുർവേദം കൊടുക്കുന്ന മെർക്കുറി കലർന്ന മരുന്നാണ്. കേരളത്തിലെ ആയുർവേദരംഗത്തുള്ള പാത്തൻകമ്പനികളുടെ പോലും ഭസ്മമെടുത്ത് പരിശോധിക്കട്ടെ. മെർക്കുറി കാണില്ല. മറിച്ച്, അലോപ്പതിക്കാരു കൊടുക്കുന്ന അയൺഗുളികകൾ പലതും കാന്തം പിടിക്കുന്നതാണ്. ശുദ്ധമായ ഫെറിക് ഓക്സൈഡോ ഫെറസ് ഓക്സൈഡോ കാന്തം പിടിക്കില്ല. ഓക്സീകരണം പൂർത്തിയാകാത്തതാണ് പ്രശ്നം.

ഇതുള്ളിൽ ചെന്നാൽ എന്തു സംഭവിക്കും?

മലത്തിൽക്കൂടി പൊയ്ക്കൊള്ളും. ലോഹങ്ങൾ ഏതെങ്കിലും ശരീരത്തിൽ കയറിയാൽ ഒരു ഇൻജക്ഷൻകൊണ്ടു മാറ്റിയെടുക്കാവുന്നതേയുള്ളൂ. അതു നല്ല വഴിയല്ല. മെർക്കുറിയുടെ അംശമൊക്കെ കാൻസറുണ്ടാക്കും. ഓവർഡോസിൽ തളർവാതമുണ്ടാകുന്നുണ്ട്. നദികളിലേക്കു ചില ഫാക്ടറികളിൽനിന്നു തള്ളുന്ന മാലിന്യങ്ങളിൽ മെർക്കുറിക് അയോണുകളുണ്ട്. ഫാക്ടറികളിലെ വേസ്റ്റുകൾ കാലിത്തീറ്റയ്ക്കു പോകുന്നുണ്ട്. അതു പശുവിന്റെ പാലിൽ വരും.

ഒരു ദേശത്ത് അനേക തലമുറ ജീവിച്ചവർക്ക് ഉണ്ടാകാത്ത രോഗം അവിടെ പുതിയതായി കുടിയേറി താമസിക്കുന്നവർക്കു വരും. കുടിയേറിയവർ ചില രോഗങ്ങളെ ദേശത്തിനു സംഭാവന ചെയ്യുകയും ചെയ്യും.

എച്ച്ഐവിയെപ്പറ്റി സ്വാമിയുടെ കാഴ്ചപ്പാട് എന്താണ്?

അത്ര അപകടകാരിയല്ലാത്ത ഒരു വൈറസാണ്. കേരളത്തിൽ ഇരുപത്തിയഞ്ചു കൊല്ലത്തിലധികമായി ഈ വൈറസുമായി ജീവിക്കുന്ന ആളുകളുണ്ട്. ദമ്പതികളിൽ ഒരാൾ എച്ച്ഐവി പോസിറ്റീവായിട്ടുള്ള അവസ്ഥ ഒരുപാടുണ്ട്. ജീവിതപങ്കാളിയിലേക്ക് അതു പകരുന്നില്ല. എന്നാൽ മറ്റൊരാളുമായി ബന്ധപ്പെട്ടാൽ അതു പകർന്നെന്നു വരാം. എച്ച്ഐവി എല്ലാവരിലേക്കും പകരുന്നില്ല. ചിലർ വാഹകർ മാത്രമാണ്.

ഇതു നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നതല്ലല്ലോ?

പുറത്തുനിന്നും വന്നതാണ്. പോർച്ചുഗീസുകാർ കൊണ്ടുവന്നതാണ് പറങ്കിപ്പുണ്ണ്, സിഫിലിസ്, ഗൊണോറിയ തുടങ്ങിയവ. അന്ന് ഇത് ഇവിടെ വലിയ ബുദ്ധിമുട്ടുകളുണ്ടാക്കി. ചരകന്റെയോ ശുശ്രുതന്റെയോ ഗ്രന്ഥങ്ങളിൽ ഇതിനെക്കുറിച്ചു പരാമർശമില്ല. ആദ്യ പരാമർശം നിദാനഗ്രന്ഥങ്ങളിൽ വരുന്നത് മാധവനിദാനത്തിലാണ്. പിന്നീടാണ് മരുന്നുകൾ കണ്ടെത്തുന്നത്. അത്തിയുടെ കറ പാലിൽ കഴിച്ചാൽ ഇതു മാറും. ഗുൽഗുലുതിക്തകം, ചെറുകടലാടി എന്നിവയും ഫലപ്രദമാണ്. കുരുമുളക് നെല്ലിക്കയോളം അരച്ച് എള്ളെണ്ണ ചേർത്തു കഴിച്ചാൽ സിഫിലിസ് മാറും. പാശ്ചാത്യദേശത്തുനിന്നു വന്ന ഈ രോഗം അവിടത്തേതിനെക്കാൾ വേഗത്തിൽ ഇവിടെ നിയന്ത്രണവിധേയമാകുകയും കാലക്രമത്തിൽ വെറും വെള്ളപോക്കായി മാറുകയും ചെയ്തു. തിരുവനന്തപുരം മുതൽ കൊല്ലംവരെയുള്ള സ്ത്രീകളിൽ ആർസിസി നടത്തിയ പഠനത്തിൽ നല്ല ശതമാനം സെർവിക് സ്മിയർ മാലിഗനൻസി കണ്ടിട്ടുണ്ട്. നാപ്കിൻ വഴിയുള്ള അശുദ്ധി ഒരു പ്രധാന കാരണമാണ്. ഇത് അറിയാതെ ചില മരുന്നുകൾകൊണ്ട് മാറിപ്പോകുന്നുണ്ട്. 1960 വരെ ഇതു കുറവായിരുന്നു.

പണ്ട്, പ്രസവം കഴിയുമ്പോൾ ഏഴുദിവസം ഒരടയുണ്ടാക്കി കഴിച്ചിരുന്നു. പെരിങ്ങലത്തിന്റെ വേരെടുത്ത് (ഒറ്റ വേരുള്ളത് ഉത്തമം) അരിയും കൂട്ടിച്ചേർത്ത് അടയുണ്ടാക്കി കഴിക്കും. അതുപോലെ തിരുവാതിരയിലെ ചില ആചാരങ്ങൾ ഈ രോഗത്തെ പ്രതിരോധിച്ചിരുന്നു. നിലപ്പനക്കിഴങ്ങ്, നിലം പരണ്ട, നാടൻ പൂവൻപഴം, കൂവപ്പൊടി, ഉണക്ക മുന്തിരിങ്ങ എന്നിവ കൽക്കണ്ടവും തേനും ചേർത്ത് കളിയുണ്ടാക്കി തിരുവാതിര ദിവസം കഴിച്ചിരുന്നു. മരോട്ടിക്കാച്ചിൽ പുഴുങ്ങിയതും അന്നു കഴിക്കും. ഇതിനോടൊപ്പം നാൽപ്പാമരത്തോലിട്ടു വെന്ത വെള്ളം (ഷഡ്വൽക്ക ചൂർണം) കൊണ്ട് യോനി ശുദ്ധമാക്കുകയും ചെയ്താൽ ഈ രോഗം വരാതിരിക്കുകയും വന്നാൽ മാറുകയും ചെയ്യും. ചിലർ അൽപ്പംകൂടി കടന്ന് ജാതിക്കയുടെ പരിപ്പ് എണ്ണ കാച്ചി തേക്കും. സൗഭാഗ്യവർധിനി എന്ന തൈലം അതാണ്. അതിന് ഒരു വൈകല്യമുണ്ട്. അതുപയോഗിച്ച സ്ത്രീ ഏതെങ്കിലും പുരുഷനുമായി ബന്ധപ്പെട്ടാൽ അതിനു വശ്യഗുണമുണ്ട്. സൂക്ഷിച്ചേ ഉപയോഗിക്കാവൂ എന്ന് അതിന്റെ ഫലശ്രുതിയിലുണ്ട്. കാൻസറിലേക്കുള്ള യാത്രയാണ് ഈ ചികിത്സകൾ തടയുന്നത്. എന്നാൽ എച്ച്ഐവി അത്ര അപകടകരമല്ലാത്ത ഒരു വൈറസ് തന്നെയാണ്. മുഹമ്മദ് അൽബയാട്ടി എന്ന പതോളജിസ്റ്റാണ് എച്ച്ഐവി ഭീതിക്കെതിരെ ഏറ്റവും കൂടുതൽ ശബ്ദമുയർത്തിയത്. എച്ച്ഐവിയും എയ്ഡ്സും രണ്ടാണ് എന്ന അഭിപ്രായം അദ്ദേഹത്തിന്റേതാണ്. ആഫ്രിക്കയിൽ കാണുന്ന എയ്ഡ്സ് എച്ച്ഐവി വൈറസിന്റേതല്ല. ഭക്ഷണത്തിലെ പോഷകാഹാരക്കുറവു കൊണ്ടുണ്ടാകുന്നതാണ്. പോഷകാഹാരക്കുറവ് ഓട്ടോ ഇമ്യൂൺ തകരാറുണ്ടാക്കുന്നു. വികസിത രാജ്യങ്ങളിൽ ആസ്ത്മയ്ക്കും മറ്റുമായി കോർട്ടിക്കോസ്റ്റിറോയിഡ് അമിതമായി ഉപയോഗിക്കുന്നതും എയ്ഡ്സിനു കാരണമാകും. ഹോമോ സെക്ഷ്വൽസിലും അമിത ലൈംഗികതയുള്ളവരിലും ഉപയോഗിക്കുന്ന സ്റ്റിറോയിഡുകളുള്ള ഓയിൻമെന്റുകളിൽനിന്നും ഇതു വരാം.

ആദിവാസി ചികിത്സയിൽ സ്വാമി നിർദേശിക്കുന്ന അത്രപോലും മരുന്നുകൾ ഇല്ലല്ലോ?

അതിന്റെ ആവശ്യമില്ല. ആദിവാസികളുടെ ശരീരത്തിന് നല്ല പ്രതിരോധശേഷിയുണ്ട്. മറയൂരിലും മറ്റുമുള്ള പുറത്തു നിന്നുള്ളവരെ കയറ്റാത്ത ഊരുകളിൽ ഒരു രോഗവുമില്ല. അവരുടെ ആചാരങ്ങൾ രോഗം വരാൻ അനുവദിക്കാത്ത വിധത്തിലുള്ളതാണ്.

ക്ഷേത്രങ്ങളും ആയുർവേദചികിത്സയും

കേരളീയ ക്ഷേത്രങ്ങൾ ചികിത്സയ്ക്കുവേണ്ടി കൂടിയുള്ളതാണെന്നു സ്വാമി പറയുന്നുണ്ട്. ആയുർവേദം കേരളത്തിൽ വികസിച്ചു വന്നത് ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടാണോ?

പല ക്ഷേത്രങ്ങളും ആയുർവേദത്തെ ഒരു ഭാഗത്തു വികസിപ്പിച്ചിട്ടുണ്ട്. സിദ്ധസമ്പ്രദായം വികസിച്ചത് ക്ഷേത്രങ്ങൾ വഴിയാണ്. അതിന്റെ സങ്കേതങ്ങളാണ് മധുരയ്ക്കടുത്തുള്ള ചതുരഗിരി, അവിടെ മുക്കിടിയൻ മലയുടെ മുകളിൽ ഇപ്പോഴും സിദ്ധന്മാരുടെ കുടിയിരുപ്പുകളാ

ണ്. അവിടുത്തെ ക്ഷേത്രത്തിൽ അഭിഷേകം കഴിഞ്ഞു വരുന്നതെല്ലാം മരുന്നാണ്. മംഗളാദേവിയും ശബരിമലയും അങ്ങനെയുള്ള സ്ഥലങ്ങളായിരുന്നു. ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രം, പറവൂർ ക്ഷേത്രം, കുമാരനല്ലൂർ ക്ഷേത്രം, വെട്ടൂരിനടുത്ത് കൊല്ലിമല എന്നിവിടങ്ങളും. സിദ്ധമുറ പഠിച്ച വൈദ്യൻ കൊല്ലിപ്പാറയിലോ ചതുരഗിരിയിലോ പോയി വണങ്ങിവേണം വൈദ്യം തുടങ്ങാൻ എന്ന് പഴയ നിയമമുണ്ട്. അഗസ്ത്യരും പുലിപ്പാണിയുമൊക്കെ ഇപ്പോഴും അവിടെയുണ്ടെന്നും അവരുടെ അനുമതി വാങ്ങിച്ചിട്ടു മാത്രമേ രസേശ്വരവാദത്തിന്റെ മുറകൾ ചെയ്യാവൂ എന്നുമാണ് സങ്കൽപ്പം. ആയുർവേദ വൈദ്യസമ്പ്രദായത്തിലുള്ളതാണ് കുമാരനല്ലൂർ, പറവൂർ, മൂകാംബിക തുടങ്ങിയവ.

എന്താണ് അതിന്റെ പ്രത്യേകത?

അവിടുത്തെ ത്രിമധുരം, തകഴിയിലെ എണ്ണ, ഏറ്റുമാനൂരെ കൺമഷി, അവിടെ അഭിഷേകം ചെയ്ത എണ്ണ എന്നിവ മരുന്നാണ്. ശരഭമാണ് ഏറ്റുമാനൂരെ പ്രതിഷ്ഠ. ശിവപുരാണപ്രകാരം നരസിംഹത്തിന്റെ കോപം ശമിപ്പിക്കാൻ ഗരുഡനെക്കാൾ വേഗവും ശക്തിയുമുള്ള ഒരു പക്ഷിയായി നരസിംഹത്തെ എടുത്ത് ആകാശത്തു കൊണ്ടുപോയി കോപം കളഞ്ഞു എന്ന ഐതിഹ്യമാണ്. ഇത് അഘോരം തന്നെയാണ്. സൗമ്യമുഖമാണ്. ഉപാസിക്കാനുള്ള മന്ത്രം തന്ത്രിക്കു മാത്രമാണ്. പശുപതീനാഥിലാണ് ഇതേ സങ്കൽപ്പമുള്ളത്. അപസ്മാരമൂർത്തിയായ മുയലകത്തെ കീഴ്പ്പെടുത്തിയാണ് ശിവന്റെ നൃത്തം. മുലയി അപസ്മാരത്തിൽ (പതിനെട്ടുഗ്രബാധകളിലും) കുടിയതാണ്.

ഇത് അപസ്മാര ചികിത്സയുമായി എങ്ങനെ ബന്ധപ്പെടുന്നു?

ശിവസങ്കൽപ്പം കൊണ്ടും രുദ്രമന്ത്രങ്ങൾകൊണ്ടും ജ്വരം പോകുമെന്ന് ചരകൻ പറഞ്ഞിട്ടുണ്ട്. ഏറ്റുമാനൂരിൽ പ്രദോഷത്തിന് അഭിഷേകം ചെയ്ത എള്ളെണ്ണ ഉപയോഗിച്ചാൽ അപസ്മാരം പോകുമെന്ന് വിശ്വസിച്ചിരുന്നു.

ചോറ്റാനിക്കരയിലെ ഉന്മാദചികിത്സയുടെ ആധാരം എന്താണ്?

അവിടുത്തെ ഗുരുതിപ്രസാദം അപൂർവമായ ഔഷധമാണ്. നിണം, തീയ് ഒക്കെ ഉന്മാദ രോഗത്തിൽ സ്വപ്നം കാണും. പ്രത്യേകിച്ചും പിത്തോന്മാദത്തിൽ. നെറ്റികൊണ്ട് ആണിയടിക്കലുമൊക്കെ കഴിയുമ്പോൾ അതു ശാന്തമാകും.

മൃദംഗശൈലേശ്വരം എന്ന മുഴക്കുന്നിലും അപൂർവമായ വിഗ്രഹമാണ്. ആ വിഗ്രഹം എടുത്ത് അധികദൂരം പോകാൻ പറ്റില്ല. എട്ടുപത്തു പ്രാവശ്യം മോഷണം പോയി. നൂറു മീറ്ററിലധികം കൊണ്ടുപോകാൻ പറ്റിയിട്ടില്ല. നൂറു മീറ്റർ പോകുമ്പോഴേക്കും കള്ളന്റെ ബോധം മറയും. സമ്മോഹനം എന്ന അവസ്ഥയുണ്ടാകും. നവപാഷാണമാണെങ്കിൽ പൗർണമിക്കും വിയർക്കും. പരിചയമില്ലാത്ത തന്ത്രി വിഷമിച്ചുപോകും. വിഗ്രഹം വിയർക്കുകയാണ് ചെയ്യുന്നത്. ശിലയുടെ പ്രത്യേകതയാണ്. ചെങ്ങന്നൂരമ്പലത്തിൽ ദേവി തൃപ്പൂത്താകുന്നത് ശിലയുടെ പ്രത്യേകതയാണ്. ആ കൂട്ടിൽ അഭിഷേകം ചെയ്യുമ്പോൾ പലതരം യോഗങ്ങളിൽ പലതരം ഔഷധങ്ങളുണ്ടാകും. ചാക്കയിലെ മത്സ്യത്തിനു മലരിട്ടു കൊടുത്താൽ അരിമ്പാറ കൊഴിഞ്ഞുപോകും.

ഇതെങ്ങനെ സംഭവിക്കുന്നു?

സജെഷൻ തെറാപ്പിയാണ്. നിങ്ങളുടെ തലച്ചോറിനു സമാന്തരമായ ഒരു തലച്ചോറിനെക്കൂടി സൃഷ്ടിക്കുന്നുണ്ട് എല്ലാ കാഴ്ചകളിലും പ്രവൃത്തികളിലും. നിങ്ങൾക്ക് അനുഭവമുള്ള തലച്ചോറും സാക്ഷിയായ തലച്ചോറും എപ്പോഴുമുണ്ട്. സാക്ഷിയായ ബ്രെയിനിനോട് ചികിത്സാധിഷ്ഠിത പുരുഷൻ ചേരുമ്പോൾ ആരോഗ്യം തനിയെ വരുന്നു.

കുമാരനല്ലൂരിൽ അഞ്ജനക്കല്ലാണ് വിഗ്രഹം. മഞ്ഞളാണ് അഭിഷേകം. അണുക്കളുടെ ആധിക്യംകൊണ്ടുവരുന്ന അർബുദത്തിന് ഫലപ്രദമാണ് ഈ തീർഥം. പഞ്ചാമൃതലൗഹം, സപ്തലൗഹം എന്നിങ്ങനെ ഒരുപാട് കൂട്ടുകളുണ്ട് വിഗ്രഹത്തിന്.

പണ്ട് ഗണകസമുദായത്തിലും മറ്റുമുള്ളവർ വീടിന്റെ പറമ്പിൽനിന്ന് ഒരു മരുന്നെടുത്തു കൊടുക്കുന്ന രീതിയുണ്ടായിരുന്നല്ലോ?

അങ്ങനെ ഒരു വൈദ്യസമ്പ്രദായം പണ്ടുണ്ടായിരുന്നു. ഒരു സ്ഥലത്ത് ഒരു രോഗി ഉണ്ടാകുമ്പോൾ രോഗം വരരുത് എന്നു പ്രകൃതിക്കു നിർബന്ധമുള്ളതുകൊണ്ട് അവിടെ പതിവില്ലാത്ത ഒരു ഔഷധം ഉണ്ടാകും. ഇവർ വന്ന് ചുറ്റും നോക്കുമ്പോൾ ഒറ്റയ്ക്കു മാറി നിൽക്കുന്ന ഔഷധത്തെ കാണും. അപൂർവമായ ഒരു സിദ്ധിവിശേഷമാണത്. പഴയ ആളുകൾക്കൊക്കെ അറിയാം. മറ്റു വിധത്തിലൊന്നും രോഗം മാറുന്നില്ലെങ്കിൽ അവർ പറയും ഞാനൊന്നു വീടുവരെ വരാം. ഒരു കിണ്ടി വെള്ളം വാങ്ങി പറമ്പിൽ ഇറങ്ങും. ചില രോഗത്തിന് ശിവാംബു വേണം എന്നു പറഞ്ഞാൽ മനുഷ്യമൂത്രം വേണം. അതിനാണ് കിണ്ടി. അവർ

സിദ്ധമകരധ്വജം ആയുർവേദം കൊടുക്കുന്ന മെർക്കുറി കലർന്ന മരുന്നാണ്. കേരളത്തിലെ ആയുർവേദരംഗത്തുള്ള ചാത്തൻ കമ്പനികളുടെ പോലും ഭസ്മമെടുത്ത് പരിശോധിക്കട്ടെ. മെർക്കുറി കാണില്ല.

ധന്വന്തരിയോടു പ്രാർഥിക്കുമ്പോൾ പ്രകൃതിയിൽ ചില മ്യൂട്ടേഷനുകൾ ഉണ്ടാകും. ദേവതാ ഉപാസന നന്നായറിയുന്നവർ പൃഥ്വി, അപ്പ്, തേജസ്സ്, വായു, ആകാശം എന്ന് പഞ്ചഭൂതങ്ങളുടെ ദേവതയെയും സസ് സ്വപ്നേ എന്ന ധാതുവിൽനിന്നാണ് സസ്യം എന്ന ശബ്ദം ഉണ്ടാകുന്നത് എന്നതുകൊണ്ട് സ്വപ്നാദിദേവതയെയും ദ്രവ്യദേവതകളെയും പ്രാർഥിച്ച് ഈ ജീവൻ തരേണമേ എന്നു വരപ്രസാദത്തിനായി നിന്ന് പുറത്തിറങ്ങി നോക്കുമ്പോൾ അന്നേരമോ മുൻപോ പ്രകൃതിയിൽ സംഭവിച്ച മാറ്റംകൊണ്ട് അപൂർവമായ ഔഷധം അവിടെ കാണും. അതരച്ചു കൊടുക്കുമ്പോൾ രോഗി രക്ഷപ്പെടും. അതു ശാസ്ത്രചികിത്സ അല്ല. എല്ലാവർക്കും എല്ലായ്പോഴും അനുവർത്തിക്കാവുന്നതും അല്ല. ഈ സിദ്ധി കയ്യിലുള്ളവർ അപൂർവമാണ്.

കാട്ടുവെള്ളരിയുടെ നീരിൽ കാലിറക്കി വച്ച് ബ്ലോക്കുകൾ മാറ്റുന്ന ചികിത്സയും മറ്റും ഇത്തരം സിദ്ധിയിലൂടെയാണോ?

രണ്ടും തമ്മിൽ ബന്ധമില്ല. കാട്ടുവെള്ളരി വേരിൽ കാൽപ്പാദങ്ങൾ മുക്കിവച്ച് വായിൽ കയ്പു വരുന്നതുവരെയിരുന്ന് കഴുകിക്കളഞ്ഞാൽ പൈൽസ്, വെരിക്കോസ്, ഹൃദയം തുടങ്ങിയവയിലെ ബ്ലോക്കുകൾ മാറും. ഹൃദയത്തിന്റെ രോഗം മാറുമെന്നല്ല അർഥം, ബ്ലോക്കുകൾ മാറും എന്നാണ്. സ്രോതോ ശുദ്ധീകരണം നടത്തുന്ന ഔഷധമാണത്.

വാഴക്കുടപ്പന്റെ വേരുപയോഗിച്ചുള്ള ചികിത്സ എന്താണ്?

രക്തത്തിൽ ഇരുമ്പു കൂടിയാൽ രക്തത്തിന്റെ കാ



ഋതുചര്യ ഏറ്റവും നന്നായി പറഞ്ഞിരിക്കുന്നത് ചരകനാണ്. സമാനമായി പറഞ്ഞിട്ടുള്ള സാഹിത്യകൃതിയാണ് കാളിദാസന്റെ ഋതുസംഹാരം. ഭാവനകൊണ്ടു മാത്രം അതെഴുതി എന്നു പറയാൻ പറ്റില്ല. വൈദ്യശാസ്ത്ര സൂക്ഷ്മതകൾ അതിലുണ്ട്.

ഠിന്യം കൂടും. ഇരുമ്പു കട്ടിയായി ബ്ലോക്കുണ്ടാകും. അത് ഒരു ബലൂൺകൊണ്ട് തള്ളി ഹൃദയത്തിലേക്കു വിട്ടാലും പ്രയോജനമൊന്നുമില്ല. കുട്ടികളുടെ കൈ മുറിയുമ്പോൾ നീലരക്തം കണ്ടാൽ പണ്ട് അമ്മമാർ വാഴക്കുടപ്പന്റെ നീരു കൊടുക്കും. കറയുള്ള പച്ച ഏത്തയ്ക്ക കഴിപ്പിക്കും. പത്തുപതിനഞ്ചു ദിവസം കൊടുത്താൽ ഇരുമ്പ് കുറയും. അധികം കഴിച്ചാൽ രക്തസമ്മർദം കുറയും. അങ്ങനെ സംഭവിച്ചപ്പോൾ വസന്തകുസുമാകരം കൊടുത്തു രക്തസമ്മർദം കൂട്ടേണ്ടിവന്ന ഒരനുഭവവുമുണ്ട്.

അന്നരസം

വൈദ്യസംബന്ധിയായ പ്രഭാഷണങ്ങളിൽ അഷ്ടാംഗഹൃദയത്തെക്കാൾ ചരകസംഹിതയും അഥർവവേദവുമാണല്ലോ സ്വാമി കൂടുതലായി ഉദ്ധരിക്കാറുള്ളത്?

അങ്ങനെ പറയാൻ പറ്റില്ല. അഷ്ടാംഗഹൃദയം സുശ്രുതത്തിന്റെ ഒരു തർജമ എന്ന നിലയിലാണ് ഞാൻ കണക്കാക്കുന്നത്. രണ്ടു ശാഖകളായാണ് വൈദിക ആയുർവേദം തിരിയുന്നത്. വൈദിക ആയുർവേദമാണ് ആയുർവേദത്തിലും അഥർവവേദത്തിലും ഋഗ്വേദത്തിലും യജുർവേദത്തിലും പരന്നു കിടക്കുന്നത്. എന്നാൽ അഥർവവേദം രൂപപ്പെടുത്തിയിട്ടുള്ള ആയുർവേദം ഇന്നും പുതിയതാണ്. മറ്റു വേദങ്ങളിലുള്ള കാര്യങ്ങൾ അതിനോടു ചേർന്നു നിൽക്കും എന്നു പറയാം. രോഗത്തിനു മൂന്നു കാരണങ്ങളാണ് അഥർവവേദം ചൂണ്ടിക്കാട്ടുന്നത്. ഒരു കാരണം, സർവാത്മനാ ആധുനികമാണ്, അന്നരസമാണ്. ആ കാരണം രസതന്ത്രത്തിൽ വച്ചുകൊണ്ടാണ് അഥർവം ചൂണ്ടിക്കാണിക്കുന്നത്.

അതു വിശദീകരിക്കാമോ?

നമ്മൾ എന്തു കഴിച്ചാലും അത് ജഠരാഗ്നിയിൽ ചേരുന്നതാണ്. അന്നം ജഠരാഗ്നിയിൽ പചിക്കുമ്പോഴാണ് മാറ്റം വന്ന് അത് രസവും മലവുമായി വേർതിരിയുന്നത്. ആയുർവേദം മെറ്റബോളിസത്തെ കാണുന്നത് പതിമൂന്ന് അഗ്നികളിലാണ്. ഒരെണ്ണമാണ് ജഠരാഗ്നി. അതു കഴിഞ്ഞാൽ രണ്ടാമതു ദഹിക്കുന്നത് പാചകപിത്തം, രഞ്ജകപിത്തം, ആലോചകപിത്തം, സാധകപിത്തം എന്ന് അഞ്ച് അഗ്നികളിലാണ്. അവയെ ഭൂതാഗ്നികൾ എന്നാണു പറയുന്നത്. അന്നത്തെ ഭൂതതന്മാത്രകളായി രൂപപ്പെടുത്തിയിട്ടാണ് ആകാശത്തിന്, വായുവിന്, പൃഥ്വിക്ക്, ജലത്തിന്, അഗ്നിക്ക് ഒക്കെയായി വേർതിരിയുന്നത്. പാചകപിത്തം ചെറുകുടലിൽ വച്ച് അതിനെ ഭംഗിയായി പചിച്ച് എടുക്കുന്നു. രഞ്ജകപിത്തം യകൃത്തുമായി ചേർന്നു നിന്നിട്ട് രക്തത്തിന് നിറം കൊടുക്കുന്നു. ആലോചകപിത്തം കണ്ണിനുള്ളതാണ്. സാധകപിത്തം ബുദ്ധിക്കു വേണ്ടതു നൽകുന്നു. ഭ്രാജകപിത്തം ത്വക്കിനു നിറം നൽകുന്നു. അതുകൊണ്ട് ആയുർവേദത്തിനോട് ഒരു ചോദ്യം

ചോദിച്ചാൽ, ഒരു കറുത്ത ഭാര്യയ്ക്കും കറുത്ത ഭർത്താവിനും വെളുത്ത കുട്ടി ഉണ്ടാകുമോ എന്നു ചോദിച്ചാൽ ഉണ്ടാകും എന്നാവും ഉത്തരം.

ഭ്രാജകപിത്തം വർധിക്കുന്ന ആഹാരത്തെ നേരത്തേ തന്നെ കൊടുത്ത് അതിനനുസരിച്ചു രൂപാന്തരപ്പെടുത്തിയെടുത്താൽ വെളുത്ത കുഞ്ഞിനെ ഈ കറുത്ത ദമ്പതികൾക്കു പ്രസവിപ്പിക്കാൻ കഴിയും.

ഈ സൂക്ഷ്മത്തിലേക്ക് പ്രാചീനർ എത്തിയതെങ്ങനെ?

ഞാൻ വിശ്വസിക്കുന്നത് ഇന്നത്തെക്കാൾ ഉയർന്ന ഒരു സംസ്കൃതി മുൻപു നിലനിന്നിട്ടുണ്ട് എന്നാണ്. പല കാലങ്ങളിൽ, പല ദേശങ്ങളിൽ മനുഷ്യർ സാംസ്കാരികമായി ഉയർന്നിട്ടുണ്ട്. മനുഷ്യശക്തി ഉയരാവുന്നിടത്തോളം ഉയർന്നു കഴിയുമ്പോൾ അവനിൽ വരുന്ന ഒരു അഹങ്കാരം കാരണമായി ആ സംസ്കൃതി തകരുന്നു. പുതിയ ശാസ്ത്രം വികസിച്ചപ്പോഴാണ് ബന്ധങ്ങൾക്കു തകർച്ച വന്നത്. ബന്ധംകൊണ്ടാണ് ലോകം നിലനിൽക്കുന്നത്. ഇനി വരാൻ പോകുന്ന തകർച്ച മുൻപുണ്ടായതിനെക്കാൾ ഭീകരമായിരിക്കും. ഇപ്പോഴത്തെ തകർച്ചയ്ക്ക് നിമിത്തമാകുന്നത് അന്യഥാകാമമാണ്, മുൻപൊന്നും സമൂഹം അനുഭവിച്ചിട്ടില്ലാത്ത വിധത്തിൽ. ബുദ്ധി വേണ്ടിടത്ത് അതിലൈംഗികതയാണ് ഭരിക്കുന്നത്. ഭരണകൂടങ്ങളെ നിയന്ത്രിക്കുന്നത് അതിലൈംഗികതയാണ്. സാഹിത്യവും കലയും അതിലാണ് നിലനിൽക്കുന്നത്. ഇതു തകരുമ്പോൾ പുതിയത് രൂപപ്പെടും. വൈദിക കാലത്തിൽ ഒരു പുരോഗതി അതിന്റെ സെനിത്തിൽ ഉണ്ടായിരുന്നു.

അന്നു തകരാനും ഇതുപോലെ ഒരു കാരണം ഉണ്ടാകുമോ?

തീർച്ചയായും ഉണ്ടാകും.

ഈ തകർച്ച പ്രവചിക്കപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ആയുർവേദഗ്രന്ഥങ്ങളിൽപ്പോലും ഉണ്ട്. വരാനിരിക്കുന്ന രോഗങ്ങളെ നിർണയം നടത്തിക്കൊണ്ടാണ് ചരകനും ശുശ്രുതനും ഗ്രന്ഥങ്ങൾ രചിച്ചത്. അവർ ജീവിച്ചിരുന്നപ്പോഴുള്ള രോഗങ്ങളെ മാത്രമല്ല. ഹൃദ്രോഗം സ്വതന്ത്ര

വാതപിത്തകഫങ്ങളാണ് പിന്നീട് ഹേതു വിപരീത ചികിത്സയായി വികസിച്ചു വന്നത്. ഹേതുക്കളായ ഈ മൂന്നെണ്ണത്തെ വിപരിതമാക്കിക്കൊണ്ടു ചികിത്സിക്കാം.

നിദാനമുള്ള രോഗമല്ല. അനുബന്ധരോഗം എന്ന നിലയിലാണ് ആയുർവേദം ഹൃദ്രോഗത്തെ കാണുന്നത്. മറ്റു രോഗങ്ങളുടെയും തൊഴിലിന്റെയും ജീവിതശൈലിയുടെയും അനുബന്ധമായി വരുന്ന രോഗം. അഞ്ചു തരത്തിലുള്ള ഹൃദ്രോഗങ്ങളേയുള്ളൂ. അതു നിസ്സാര മരുന്നുകൊണ്ടു മാറുന്നതാണ്. അതു കൊടുക്കാതിരിക്കാനുള്ള ശ്രമമാണു നടക്കുന്നത്. നാല് ആശ്രമധർമങ്ങൾ ഉണ്ടായിരുന്നത് ആരോഗ്യത്തിനുവേണ്ടിയാണ്. ആരെയും വിഭജിക്കാൻ വേണ്ടിയല്ല. സ്വസ്ഥവൃത്തത്തിനകത്ത് ആഹാരം, നിദ്ര, ബ്രഹ്മചര്യം എന്നിവയ്ക്കു പ്രാധാന്യം നൽകുന്നു

ണ്ട്. ബ്രഹ്മചര്യത്തിനു പ്രാധാന്യം കൊടുത്ത ചരകൻ കുട്ടികളില്ലാത്തവർ തണലില്ലാത്ത വൃക്ഷമാണ് എന്നും പറയുന്നുണ്ട്. ബ്രഹ്മചര്യം ഒരു പ്രത്യേക കാലത്തിന് അനുയോജ്യമാണെന്നാണ്. പൂർണമായ ലൈംഗിക നിരാസമല്ല ചരകൻ ഉദ്ദേശിക്കുന്നത്. സമപ്രായക്കാരായ ആൺകുട്ടിയെയും പെൺകുട്ടിയെയുമെടുത്താൽ പെൺകുട്ടിക്ക് ഒൻപതു വയസ്സിന്റെ മൂപ്പ് സൈറ്റോക്രോമിലുണ്ടായിരിക്കും. സമപ്രായക്കാരുടെ കുഞ്ഞ് ആരോഗ്യമുള്ളതാകാൻ സാധ്യതയില്ല.

സമപ്രായക്കാർ വിവാഹം കഴിച്ചാൽ ഒരു സുഹൃത്തിനെ കിട്ടി എന്നാണു പറയുക.

ഒൻപതു വയസ്സ് മൂത്ത സ്ത്രീ എങ്ങനെയാണു സുഹൃത്താവുക? സൈറ്റോക്രോമാണ് അവളുടെ സ്വഭാവത്തെ തീരുമാനിക്കുന്നത്.

ആശ്രമധർമങ്ങൾ ആരോഗ്യത്തിനുവേണ്ടിയാണെന്നു പറയുമ്പോൾ അയിത്തത്തെ നീതീകരിക്കലാവും ഫലം.

പ്രസംഗാദ്, സഹഭോജനാദ്, സഹശയ്യാച. വളരെ അടുത്തിരിക്കുക, ഒന്നിച്ച് ഒരു പാത്രത്തിൽനിന്നു ഭക്ഷണം കഴിക്കുക, ഒരു കട്ടിലിൽ കിടക്കുക. അതിഥികളെ കിടക്കാനുള്ള കട്ടിലിലിരുത്തി വർത്തമാനം പറയുന്ന സമ്പ്രദായം രോഗങ്ങൾ പടർത്തും. നമ്മുടെ ധ്യാനകേന്ദ്രങ്ങളിലും മറ്റും എല്ലായിടവും നിന്ന് ആളുകൾ വരുന്നുണ്ട്. ലോകത്തുള്ള എല്ലാ സംഘടനകളും ആരോഗ്യത്തെ തകർത്തിട്ടേയുള്ളൂ. ഒറ്റയ്ക്കു നിന്നു നേടാൻ പറ്റാത്തതെല്ലാം അധർമമാണ്. കർത്തവ്യനിഷേധത്തിനു വേണ്ടിയാണ് പലപ്പോഴും സംഘടനകൾ. സംഘടിത പ്രവർത്തനങ്ങൾ പലപ്പോഴും ആരോഗ്യം തകർക്കുന്നു.

സ്ത്രീയെക്കണ്ട് വികാരം ഉണർന്നു കഴിഞ്ഞാൽ പുരുഷന് ബോധമില്ല എന്നാണ് എന്റെ ധാരണ. ലൈംഗികവേളയിൽ ഇരിക്കുമ്പോൾപ്പോലും സ്ത്രീക്കു ബോധം പൂർണമാണെന്നുമാണ്. പുറത്ത് ഒരു കാൽപ്പെരുമാറ്റം കേട്ടാൽ അതിലെ അപകടം തിരിച്ചറിയാനുള്ള ജാഗ്രത സ്ത്രീക്കുണ്ട്.

മാറ്റങ്ങൾ വരുമ്പോൾ കുറച്ചു പുണ്യവും പോകും എന്നാണോ?

അതെ. അണുക്കൾകൊണ്ടുള്ള രോഗങ്ങൾ കൂടി. അഥർവവേദം കൃമിപ്രകരണത്തിൽ ഇതിനുള്ള ഔഷധങ്ങളെപ്പറ്റി പറയുന്നുണ്ട്. പ്രകൃതിയിൽ സൂര്യൻ, ചന്ദ്രൻ, അഗ്നി, ഇടിമിന്നൽ എന്നിവയെയൊക്കെ മരുന്നായും ജലത്തിന്റെ പവിത്രതയെപ്പറ്റിയും പറയുന്നുണ്ട്. ജലത്തിന്റെ ഏറ്റവും വലിയ പ്രത്യേകത അതിന് ക്രിസ്റ്റലീകരണ വ്യവസ്ഥയില്ല എന്നതാണ്.

ജലം മരുന്നാണെന്നും ഒരു വ്യാഴവട്ടക്കാലം കള്ളം പറയാതിരിക്കുന്നവർ കൊടുത്താൽ ജലംകൊണ്ട് രോഗം മാറും എന്നും പറയുന്നുണ്ടല്ലോ?

അതുഫലിക്കും. അബ്ദുൽകലാമിന്റെ 'അഗ്നിച്ചിറകുകൾ' എന്ന പുസ്തകത്തിൽ രാമേശ്വരത്തെ പൂജാരിമാരുടെ ഈ കഴിവിനെപ്പറ്റി പറയുന്നുണ്ട്.

അഥർവവേദത്തിലെ അന്നം കഴിഞ്ഞുള്ള കാരണങ്ങൾ?

പിന്നീട് ഏഴഗ്നികളുണ്ട്. ധാത്വഗ്നികൾ എന്നു പറയും. ഓരോ ആഹാരത്തിനും രസം, വീര്യം, വിപാകം, പ്രഭാവം എന്നിങ്ങനെ പ്രയോഗിച്ചിട്ടുണ്ട്.

വേദാധിഷ്ഠിതമായിട്ടാണ് ഇതു ചെയ്യുന്നതെങ്കിലും ചരകനും ശുശ്രുതനുമെല്ലാം വേദനിഷേധിയായ ബുദ്ധമതത്തെക്കൂടി ആശ്ലേഷിക്കുന്നുണ്ടല്ലോ?

വേദനിഷേധം ബുദ്ധമതത്തിന്റേതല്ല. ബുദ്ധമതത്തിന്റെ എല്ലാ സങ്കേതങ്ങൾക്കും വൈദികചിന്തയോടു ബന്ധമുണ്ട്.

വേദങ്ങളെല്ലാം സംസ്കൃതത്തിലെഴുതിയപ്പോൾ ബുദ്ധൻ സാധാരണ ജനഭാഷയിലാണല്ലോ പറഞ്ഞത്?

ലോകത്തെങ്ങും നിത്യവ്യവഹാരഭാഷയിൽ ശാസ്ത്രങ്ങൾ രചിച്ചിട്ടില്ല. ശാസ്ത്രഭാഷ രൂപപ്പെട്ടു വരുമ്പോൾ ആ ഭാഷ സാധാരണക്കാരനിൽനിന്നകലുകയും ഒന്നുകിൽ അന്ത്യം വരികയോ അല്ലെങ്കിൽ ഉയർന്ന തലത്തിന്റെഭാഷയാവുകയോചെയ്യും. സംസ്കൃതത്തെ നിങ്ങൾ പ്രൗഢഭാഷ എന്നെടുക്കുകയും പാലി പ്രാകൃതങ്ങളെ സാധാരണക്കാരന്റെ ഭാഷയായി എടുക്കുകയും ചെയ്താൽ എന്തുകൊണ്ടാണ് ബുദ്ധമതത്തിന്റെ ആവിർഭാവകാലം കഴിഞ്ഞതോടുകൂടി പാലി പ്രാകൃതങ്ങൾ നഷ്ടമായത്?

അവയും പ്രൗഢഭാഷ ആണെന്നാണോ?

അല്ല. അവ പ്രൗഢഭാഷയായി മാറി. മാറിക്കഴിഞ്ഞപ്പോൾ അതു ജനങ്ങൾക്കു വേണ്ടാതായി. സാധാരണക്കാരനുപയോഗിക്കുന്ന ഒരു ഭാഷയാണ് തമിഴ്. ക്ലാസിക്കൽ തമിഴ് എന്നത് സങ്കേതമുള്ള ഭാഷയാണ്. ആ തമിഴിന് സംസാരിക്കുന്ന തമിഴിനോടു സാമ്യമില്ല. സാധാരണക്കാരന് തിരുക്കുറൾ മനസ്സിലാകുന്നില്ല. ബുദ്ധമതത്തിന്റെ കാലത്താണ് ആയുർവേദത്തിന്റെ വസന്തകാലം. ബുദ്ധമതാനുയായികൾ ചികിത്സയിലും രസതന്ത്രത്തിലും ഫിസിക്സിലും അദ്വിതീയന്മാരായിരുന്നു. മഹായാന ബുദ്ധമതത്തിന്റെ അടിസ്ഥാനതത്ത്വം there is nothing fundamental in this universe എന്നാണ്. ആയുർവേദത്തിന്റെ സർജറിയും മറ്റും രൂപപ്പെട്ടു വന്നത് വൈദികസംസ്കൃതിയിൽനിന്നാണ്.

അന്നത്തിന്റെ കാരണം ജലമാണ്. പൃഥ്വി ഇല്ലാതെ അന്നമുണ്ടാക്കാം. വെള്ളത്തിൽ ഒരു പ്രത്യേക surface tension ഉണ്ടാക്കി അതിനുമേൽ വിത്തു വിതച്ച് അന്നമുണ്ടാക്കിയിട്ടുണ്ട്. മേഘപാളികളിലും മറ്റും.

ഇതു രേഖപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്. ആചാരമായി. ഇപ്പോൾ ലോകത്തിൽ എവിടെയും ഇങ്ങനെ ഒരു പദ്ധതി നിലവിലുള്ളതായി അറിയില്ല. ജലത്തിന്റെ സർഫസ് ടെൻഷൻ ശരിയായ തോതിൽ നിർത്തിയാൽ അതിൽ മരങ്ങളൊക്കെ വളർത്താം. അന്നത്തിന്റെ സോഴ്സ് ജലവും ജലത്തിന്റെ സോഴ്സ് അഗ്നിയുമാണ് എന്നവർ വിശ്വസിച്ചു. അതിന്റെ ദേവതകൾകൊണ്ടാണ് നിങ്ങൾക്കു വിയർക്കുന്നത് എന്ന് അവർ ഉദാഹരണം പറയും. ആ അഗ്നിയെ ആസ്പദമാക്കിയുള്ള വിദ്യ അഗ്നിവിദ്യ. അതിന്റെ വിപുലവും വിചിത്രവുമായ ശാഖകളുണ്ട്. അതിലൊന്നാണ് ചരണവിദ്യ എന്നൊക്കെ അറിയപ്പെടുന്നത്. ഒരു നല്ല വൈദ്യൻ അഗ്നിക്കാണ് പ്രാധാന്യം നൽകുക. അതേ രീതിയിൽ ശരീരത്തിലെ ജലത്തിനു പ്രാധാന്യം കൊടുത്തു ചികിത്സിക്കുന്നവരുണ്ട്. ഇതു കൂടാതെ, മാതൃജം, പിതൃജം, ആത്മജം, അന്നരസജം എന്നിവയ്ക്കു പ്രാധാന്യം കൊടുത്തുള്ള ചികിത്സകളുണ്ട്. കാലജം, ദേശജം എന്നിവയ്ക്കും വ്യാപന്നഋതുകൃതങ്ങളായവയ്ക്കും പ്രാധാന്യം കൊടുക്കുന്നുണ്ട്. സൂക്ഷ്മാണുക്കൾ, വാതപിത്തകഫങ്ങൾ. വാതപിത്തകഫങ്ങളാണ് പിന്നീട് ഹേതു വിപരീത ചികിത്സയായി വികസിച്ചു വന്നത്. ഹേതുക്കളായ ഈ മൂന്നെണ്ണത്തെ വിപരീതമാക്കിക്കൊണ്ടു ചികിത്സിക്കാം. സകല ദ്രവ്യങ്ങളെയും മനുഷ്യനെയും ഋതുവിനെയും ദിനരാത്രങ്ങളെയും പ്രായത്തെയുമെല്ലാം ഈ മൂന്നിൽ കൊണ്ടു



വേദാന്തത്തിൽ പറയുന്ന ആത്മാവല്ല ആയുർവേദത്തിൽ പറയുന്ന ആത്മാവ്. അത് ചികിത്സാധികൃത പുരുഷന്റെ ബോധമാണ്. അതു സ്വസ്ഥമായിരിക്കേണ്ടതാണ്. അങ്ങനെ സ്വസ്ഥനാകാത്ത ഒരുവന്, ലൗകികമായ തലങ്ങളിൽപ്പോലും സുഖമില്ലാത്ത ഒരുവന് അതീന്ദ്രിയതലങ്ങളിലെ സുഖം എങ്ങനെയാണ് അനുഭവിക്കാൻ കഴിയുക?

വരണം. വാതപിത്തകഫങ്ങളുടെ പ്രഭാവം നോക്കണം. ബാലപ്രകൃതി കഫജമാണ്. മധ്യവയസ്സ് പിത്തജമാണ്. ദിനത്തിൽ മധ്യാഹ്നം വരുമ്പോൾ അതു പിത്തജമാണ്. അസ്തമയത്തിൽ അതു വാതജമാണ്. സന്ധ്യ കഴിഞ്ഞ് രാത്രി ആരംഭിക്കുമ്പോൾ കഫജമാണ്. അർധരാത്രിയടുക്കുമ്പോൾ വീണ്ടും പിത്തജമാണ്. പ്രഭാതത്തോടടുക്കുമ്പോൾ വീണ്ടും വാതജമാണ്. ഇങ്ങനെയെല്ലാം പല രൂപത്തിൽ ഇവർ ശാസ്ത്രീയമായി വികസിപ്പിച്ചിട്ടുണ്ട്.

ഓലയിൽ രേഖപ്പെടുത്തുന്നതിനു മുൻപ് ഈ അറിവുകൾ എങ്ങനെയായിരുന്നു?

മേനിക്കടലാസിൽ അച്ചടിക്കപ്പെട്ടു വന്നതിനു ശേഷം വന്നവയാണ് ഇപ്പോൾ കാണുന്ന താളിയോലകൾ എന്നാണ് എന്റെ വിശ്വാസം. നമ്മൾ ഉണ്ടാക്കുന്ന ഫ്ളോപ്പി ഡിസ്കുകൾ കാലഹരണപ്പെട്ടു. കസെറ്റുകളും ഹാർഡ് ഡിസ്കുകളും കാലഹരണപ്പെടും. പുസ്തകങ്ങൾ അൻപതു കൊല്ലംകൊണ്ടു പൊടിയും. എന്നാൽ അയ്യായിരം കൊല്ലം പഴക്കമുള്ള താളിയോലകളും ശിലാലിഖിതങ്ങളും ചെമ്പോലകളും നാശം വരില്ല. മനുഷ്യപുരോഗതിയുടെ ഉദാത്ത കാലങ്ങളിലുണ്ടായതാണ് അവ. അവർ നാരായംകൊണ്ടാണ് താളിയോലയിൽ എഴുതിയതെന്നും ഞാൻ വിശ്വസിക്കുന്നില്ല. സരസ്വതി മഹൽ ലൈബ്രറിയിൽ ഇരിക്കുന്ന താളിയോലകളിൽ മിക്കവാറും എല്ലാം ഒറ്റയാളിന്റെ കയ്പടയാണ്.

ഒരാൾ തന്നെ എഴുതിയാലും കോപ്പികളിൽ വ്യത്യാസം വരും. എങ്കിലും ഇതിൽ ശാസ്ത്രീയതയുണ്ടോ?

പതിനായിരം താളിയോലഗ്രന്ഥങ്ങൾ ഒരാൾ എങ്ങനെ എഴുതാനാണ്. നാരായംകൊണ്ട് പറ്റുമോ? ഒരുതരം ഡിജിറ്റൽ കാർവിങ് ആയിരിക്കണം അത്. കല്ലുകൾ വലിയ പാളികളായി എടുത്തത് ഇന്നില്ലാത്ത ഒരു സാങ്കേതികവിദ്യകൊണ്ടാണ്. കല്ലിന് കുഴിയടിക്കുക, വെള്ളം നിറയ്ക്കുക, ഫ്രീസ് ചെയ്യുക-അങ്ങനെയാണ് ക്ഷേത്രങ്ങളുടെ കല്ലുകൾ എല്ലാം കീറിയത്. ലക്ഷക്കണക്കിനു തൊഴിലാളികൾ ചുമന്നു കയറ്റിയതല്ല. ആന്തരികാവയവങ്ങളിൽ സർജറി ചെയ്തിട്ട്, ശർക്കര തേച്ച് ഉറുമ്പിനെക്കൊണ്ട് കടിപ്പിച്ച് അതിന്റെ പിൻഭാഗം മുറിച്ചുകളഞ്ഞ് ബാക്കി ഭാഗം തനിയെ ദ്രവിച്ചു പൊയ്ക്കൊള്ളും എന്നു തിരുമാനിക്കാൻ അന്നു കഴിഞ്ഞിരുന്നു. ചെവി തുന്നിപ്പിടിപ്പിച്ചിരുന്നതിന്റെ വിവരം ചരകസംഹിതയിലുണ്ട്. രണ്ടായിരം കൊല്ലം പഴക്കമുള്ള യോഗത്തിലെ മരുന്ന് ഇന്നും ഫലിക്കുന്നു. മോഡേൺ മെഡിസിൻ പതിനഞ്ചുകൊല്ലം മുൻപു കൊടുത്തിരുന്ന പല മരുന്നും ഇന്നുപയോഗിക്കാൻ പറ്റുന്നില്ല. ആധുനിക വൈദ്യത്തിന് അടിസ്ഥാനമുണ്ടോ എന്നു സംശയിക്കണം.

ആയുർവേദത്തിന് അങ്ങനെ ഒരടിസ്ഥാനം പറയാമോ?

പതിനഞ്ച് ഇരുപതു പ്രാവശ്യമെങ്കിലും സംസ്കരിച്ച് എഴുതിയിട്ടുള്ളതാണ് ശുശ്രുതസംഹിത. അവരെല്ലാം ശുശ്രുതന്മാരുമാണ്. ആന്ധ്രാ ദേശക്കാരനാണ് പ്രധാന ശുശ്രുതൻ എന്നു പറയുന്നു. കൗശികനായ വിശ്വാമിത്രന്റെ മകനാണ്. കോശങ്ങളെപ്പറ്റി എല്ലാം അറിഞ്ഞതുകൊണ്ടാണ് കൗശികൻ എന്നു വിളിച്ചത്. ശുശ്രുതനു മുൻപുതന്നെ ഭാരതീയചിന്തയിൽ പരമാണുക്കളെക്കുറിച്ച്, ത്രസരേണുവിനെക്കുറിച്ച്, ധാനാണു, ഋണാണു, ഘർഷാണു, കൃഷ്ണാണു തുടങ്ങിയവയെപ്പറ്റി പഠനങ്ങൾ നടന്നിട്ടുണ്ട്. ഡാൾട്ടനും മുൻപാണ് വൈശേഷികനായ കണാദനുണ്ടായിരുന്നത്. കണാദന്റേതാണു നാഡീവിദ്യ. നാഡീശാസ്ത്രത്തിൽ കണാദൻ, രാവണൻ, പാർശ്വനാഥൻ എന്നിവർ മുൻപിലാണ് സംസ്കൃതത്തിൽ. തമിഴിൽ അഗസ്ത്യർ, ഭൃഗു, ഭോഗർ തുടങ്ങിയവരും.

സ്ത്രീവിരുദ്ധത

ചരകസംഹിതയിൽ സ്ത്രീവിരുദ്ധമായ ഒരുപാടു പരാമർശങ്ങളുണ്ട്. സ്ത്രീകളുടെ അപ്രമാദിത്തത്തെ സൂക്ഷിക്കണം എന്ന് ഒരു താക്കീതും ചരകൻ നൽകുന്നുണ്ട്.

പുരുഷൻ ഒരു വികാരജീവിയാണ്. വികാരം ഇല്ലാതെ ബന്ധം നടത്തുവാൻ കഴിവുള്ള ഒരു സമൂഹമായാണ് ഞാൻ സ്ത്രീയെ കാണുന്നത്. ഒരു സ്ത്രീക്ക് ലൈംഗികബന്ധത്തിന് വികാരം അനിവാര്യമല്ല എന്നാണ് എന്റെ ധാരണ. നല്ലൊരു ശതമാനംവരെ വികാരം അവർക്കില്ല എന്നും.

അതുകൊണ്ട് പ്രാമാണ്യം കൊടുക്കരുത് എന്നു പറയാമോ?

പ്രാമാണ്യം കൊടുത്താൽ കുടുംബബന്ധങ്ങൾ തകരും. പുരുഷനു വികാരമില്ലാതെ ബന്ധപ്പെടാൻ പറ്റില്ല. വികാരമില്ലാതെ, ചുറ്റുപാടുകളെപ്പറ്റി കൃത്യമായ ബോധത്തോടെ ഒരാവശ്യം സാധിക്കാൻവേണ്ടി മാത്രം ബന്ധപ്പെടുന്ന സ്ത്രീക്ക് അധികാരവും പ്രാമാണ്യവും വന്നാൽ ലോകം കീഴ്മേൽ മറിയാൻ സാധ്യതയുണ്ട് എന്നവർ വിചാരിച്ചുവെങ്കിൽ വലിയ തെറ്റൊന്നും ഞാൻ കാണുന്നില്ല. ചെറുപ്പമുള്ള പെൺകുട്ടികളെ സൂക്ഷിക്കണം എന്ന് അമ്മമാർ മക്കളോടു പറഞ്ഞിരുന്നത് ചരകനും ശുശ്രുതനും കാരണമാണോ? സ്ത്രീയെ തെറ്റിലേക്കു കൊണ്ടുപോകാനും തെറ്റിൽനിന്നു മോചിപ്പിക്കാനും കഴിവുള്ളത് സ്ത്രീക്കാണ്.

സ്ത്രീയെക്കണ്ട് വികാരം ഉണർന്നു കഴിഞ്ഞാൽ പുരുഷന് ബോധമില്ല എന്നാണ് എന്റെ ധാരണ. ലൈംഗികവേളയിൽ ഇരിക്കുമ്പോൾപ്പോലും സ്ത്രീക്കു ബോധം

പൂർണമാണെന്നുമാണ്. പുറത്ത് ഒരു കാൽപ്പെരുമാറ്റം കേട്ടാൽ അതിലെ അപകടം തിരിച്ചറിയാനുള്ള ജാഗ്രത സ്ത്രീക്കുണ്ട്.

ഗാർഹസ്ഥ്യമാണ് ഏറ്റവും പ്രയാസമുള്ള ആശ്രമം എന്നല്ലേ പറയുന്നത്?

അല്ല. ഗാർഹസ്ഥ്യം ഏറ്റവും ഉത്തമമായ ആശ്രമമാണ്.

അതിലൂടെ കടന്നുപോയില്ലെങ്കിൽ ചില അറിവുകൾ കുറയും എന്നുണ്ടോ?

അങ്ങനെ ഒരഭിപ്രായം എനിക്കുമുണ്ട്. ഏതെങ്കിലും ഒരു ജന്മത്തിൽ കടന്നുപോയതുകൊണ്ടാണ് ഞാനിതു പറയുന്നത് എന്നു കൂട്ടിയാൽ മതി.

ആത്മീയതയുള്ള ഒരന്വേഷി സഹജമായിത്തന്നെ ഒരു സ്ത്രീസ്വത്വത്തിലൂടെ കടന്നുപോകും എന്നു പറയുന്നതു ശരിയാണോ?

സ്ത്രീപുരുഷഭേദമൊന്നും കോശങ്ങൾക്കില്ലല്ലോ. സ്ത്രീപുരുഷ ഹോർമോണുകളും എല്ലാവരിലും ഉണ്ടല്ലോ. കുറെ ശതമാനം സ്ത്രീയും കുറെ ശതമാനം പുരുഷനുമാണ്. സ്വാമി വിവേകാനന്ദനെപ്പോലെയുള്ളവർ അങ്ങനെ ഒരു അവസ്ഥയുണ്ട് എന്നു പറഞ്ഞിട്ടുണ്ട്. അതിനു വൈദിക പ്രാമാണ്യമില്ല. ലോകത്തിലെ ഏറ്റവും വലിയ ലൈംഗികശാസ്ത്രം എഴുതിയ വാത്സ്യായനൻ ബ്രഹ്മചാരിയായിരുന്നു. ഏറ്റവും വലിയ ജ്യോഗ്രഫിക്കൽ ടെക്സ്റ്റ് എഴുതിയ കാൻറ് ഒരു കിലോമീറ്റർപോലും സഞ്ചരിച്ചിട്ടില്ല.

ആലിൻെറ വിടുവേര് വായുവിലൂടെ വളരുന്നതാണ്. അതിന് ഗ്രോത്ത് ഹോർമോൺ കൂടുതലാണ്. വളർച്ച കുറഞ്ഞ കുട്ടിക്ക് ആലിൻെറ വിടുവേരു കൊടുത്താൽ കുട്ടി വളരും എന്നതു സത്യമാണ്.

രോഗശമനം അമൃതത്തിലേക്കു നയിക്കുന്നു. അമൃതം ബ്രഹ്മമാണ്. ഗോപഥബ്രാഹ്മണം അഥർവവേദത്തെ ഇങ്ങനെയാണ് നിർവചിക്കുന്നത്.

തീർച്ചയായും അതെ.

ഇതിലെവിടെയാണ് ശാസ്ത്രീയത?

നിങ്ങളുടെ മനസ്സും ശരീരവും പ്രസന്നങ്ങൾ ആകാതെ എങ്ങനെയാണ് ശാന്തി കിട്ടുക? മനസ്സ് ശരീരത്തോടു ചേർന്നു നിൽക്കുന്നതാണ് ശാന്തി. അതു സൂക്ഷ്മമാണ്. ശരീരത്തിൻെറ ബോധമാണ് മനസ്സിൽ കിടക്കുന്നത്. അപ്പോൾ ശരീരത്തിനാണോ വേദന ബോധം ഉൾക്കൊള്ളുന്ന മനസ്സിനാണോ? വേദന അനുഭവിക്കുന്ന ഒരാളോട് സ്നേഹമുള്ള ഒരാൾ വന്നിരുന്ന് വർത്തമാനം പറയുമ്പോൾ അപ്രത്യയവും അസ്വീകരണവും സാക്ഷ്യവും വിചാരവുംകൊണ്ട് വേദന മാറിപ്പോകുന്നുണ്ട്. ശാരീരികമായ ഒരു സുഖം അനിവാര്യമാണ്. ഇന്ദ്രിയങ്ങൾ പ്രസന്നങ്ങൾ ആയിരിക്കണം. മനസ്സ് സത്വാധിഷ്ഠിതമായിരിക്കണം. ഇതെല്ലാം കൂട്ടിക്കൊണ്ടുപോകുന്ന കർത്തൃത്വമുള്ള ആത്മാവ്-വേദാന്തത്തിൽ പറയുന്ന ആത്മാവല്ല ആയുർവേദത്തിൽ പറയുന്ന ആത്മാവ്. അത് ചികിത്സാധികൃത പുരുഷൻെറ ബോധമാണ്. അതു സ്വസ്ഥമായിരിക്കേണ്ടതാണ്. അങ്ങനെ സ്വസ്ഥനാകാത്ത ഒരുവന് ലൗകികമായ തലങ്ങളിൽപ്പോലും സുഖമില്ലാത്ത ഒരുവന് അതീന്ദ്രിയതലങ്ങളിലെ സുഖം എങ്ങനെയാണ് അനുഭവിക്കാൻ കഴിയുക? അതു ലഭിച്ചു കഴിഞ്ഞിട്ട് ശരീരത്തെ നോക്കിയാൽ ശരീരം ത്യാജ്യമാണ്. അതു കഴിഞ്ഞ ആളുകൾ എഴുതിവച്ചിരിക്കുന്നത് അതു കഴിയാത്തിടത്തു നിന്ന് വ്യാഖ്യാനിക്കുമ്പോഴുള്ള വൈകല്യമാണ് ഗോപഥം യോജിക്കില്ല എന്ന തോന്നൽ വരാൻ കാരണം.



പേടിപ്പെടുത്തുന്ന സ്വപ്നങ്ങളും പാപജന്യങ്ങളായ രോഗങ്ങളുമുള്ളവർക്ക് ശാന്തിജന്യമായ മന്ത്രങ്ങൾ ചൊല്ലണം എന്നൊക്കെ പറയുന്നിടത്ത് ശാസ്ത്രം എവിടെയാണ്?

ശരീരവും ഇന്ദ്രിയവും മനസ്സും ചേർന്നുനിൽക്കുന്ന ഒരിടത്ത് മനസ്സിനെ തൃപ്തിപ്പെടുത്താൻ ശബ്ദങ്ങൾക്കു വലിയ പങ്കുണ്ട്.

കാൻസർ പ്രഭാഷണത്തിൽനിന്ന്

***കാൻ**സറിനെപ്പറ്റിയുള്ള പ്രഭാഷണത്തിൽ ആറുതരം അർബുദങ്ങളെയും ഒൻപതു ഗ്രന്ഥികളെയും വിവരിച്ച് ഔഷധങ്ങളും നിർദേശിക്കുന്നതിനൊപ്പം ആധുനിക ശാസ്ത്രത്തിന്റെ പുരോഗതി സംഭാവന ചെയ്ത രോഗമാണോ കാൻസർ എന്ന സന്ദേഹം കൂടി അദ്ദേഹം മുന്നോട്ടു വയ്ക്കും. പൊതുബോധത്തിൽ പതിഞ്ഞ പല വിശ്വാസങ്ങളെയും അതു വെല്ലുവിളിക്കുന്നു.*

ചായ, കാപ്പി, കരിഞ്ഞ പദാർഥങ്ങൾ, പിവിസി തുടങ്ങിയവ കാൻസർ ജനകങ്ങളാണ് എന്നതിനെക്കാൾ വളരെ തണുത്ത ആഹാരം, അതിയായ വഴിനടപ്പ്, അതിമൈഥുനം എന്നീ ശീലങ്ങളാണ് അപകടം.

ആമാശയാർബുദമാണ് ഇന്നു കൂടുതൽ കാണുന്നത് എന്നതിൽനിന്ന് ഭക്ഷണമാണ് പ്രധാന കാരണം എന്നുമനസ്സിലാക്കാം. അതു പരിഷ്കൃതരിലാണ്കൂടുതൽ കാണുന്നത്. പ്രിസർവേറ്റിവുകൾ കൂടുതലുള്ള ഭക്ഷണം തലച്ചോറിനെ ബാധിക്കും. കുട്ടികളിൽ ഹൈപ്പറാക്റ്റിവിറ്റിയും ഉണ്ടാക്കും.

മുല്ലയ്ക്കും റോസാച്ചെടിക്കും തന്നെ തിന്നാൻ വരുന്ന മൃഗത്തെക്കണ്ട് എഴുന്നേറ്റോടാൻ സാധിക്കില്ല. സസ്യങ്ങൾ അവയുടെ സ്വപ്നങ്ങളെ പരിണമിപ്പിച്ചാണ് പൂക്കളിൽ മണങ്ങളായും തണ്ടുകളിൽ വീര്യങ്ങളായും സത്യാദങ്ങളോടു നേരിടുന്നത്. കാൻസറിന് ഫലപ്രദമായ ഔഷധമാണ് മുല്ലപ്പൂവും തുമ്പപ്പൂവും റോസാപ്പൂവും തേങ്ങാപ്പാലിൽ അരച്ചുകൊടുക്കുന്നത്.

പ്രഭാതത്തിലും പ്രദോഷത്തിലും നിത്യരസായനമായ കൃതജ്ഞത ഭാവാത്മകമായി ഭുജിക്കാൻ രോഗിയോടു പറഞ്ഞിട്ടുവേണം മരുന്ന് എഴുതിക്കൊടുക്കാൻ. അപ്പോഴാണ് ഫലം കൂടുതൽ. രണ്ടുമൂന്നു വൈകല്യങ്ങൾ മാനസികമായി ഈ രോഗത്തിനൊപ്പമുണ്ട്. ഒരു സ്ഥാനീയക്രിയ (local action) നടക്കുന്നുണ്ട്. വീട്ടിൽ താമസിക്കുമ്പോഴും വീട് എന്ന എസ്റ്റാബ്ലിഷ്മെന്റിനോട് പൊരുത്തപ്പെടാൻ കഴിയുന്നില്ല. ജോലി, രാഷ്ട്രീയപ്രസ്ഥാനം തുടങ്ങിയ സ്ഥാപനങ്ങളുമായി പൊരുത്തപ്പെടാൻ ആധുനിക വിദ്യാഭ്യാസം നമ്മെ അനുവദിക്കുന്നില്ല. ഇതു നമ്മുടെ മസ്തുളങ്കം അനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ നമ്മുടെ കോശങ്ങൾക്ക് നമ്മോടു പൊരുത്തപ്പെടാൻ കഴിയാതെവരും. ഇടപെടുന്ന രംഗങ്ങളോട് പൊരുത്തപ്പെടാൻ പറ്റാത്തത് കണ്ടറിഞ്ഞനുഭവിക്കുന്ന നമ്മുടെ കോശങ്ങൾ കോശസമഗ്രതയുടെ ലോകത്ത് ഒറ്റപ്പെടാൻ തുടങ്ങുമ്പോൾ അതു തനിച്ചു വളരാൻ തുടങ്ങുകയും വാർധക്യത സംജാതമാകുകയും ചെയ്യുന്നു. ബീജം പിതാവിന്റെയും അണ്ഡം മാതാവിന്റെയും എന്ന നിലയിൽ ഭാവാത്മകമായി പിതാവും മാതാവും നമ്മിൽ ജീവിച്ചിരിക്കുന്നു. അച്ഛനമ്മമാരോടു ചെയ്യുന്ന തെറ്റുകൾ അവർ പൊറുത്താലും അവർ വച്ച കോശം നമ്മോടു ക്ഷമിക്കാതിരുന്നാൽ ശരീരത്തിൽ കൈവിഷം രൂപപ്പെടുന്നു. ആയുർവേദം കൈവിഷം എന്നു വിളിക്കുന്നതിനെ ആധുനികശാസ്ത്രം autotoxin എന്നു പറയും. അത്തരം രോഗികൾക്ക് കൈവിഷപരിഹാരി ഗുളിക അല്ലെങ്കിൽ നീലിമൂലാദി ഗുളിക അതുമല്ലെങ്കിൽ കുവളത്തിലയുടെ നീര് ഇതിലേതെങ്കിലുമൊന്നു കൊടുത്ത് ചികിത്സ തുടങ്ങണം. വിഷകലയും അമൃതകലയുമുള്ള ശരീരത്തിൽ ദോഷങ്ങൾ കൊണ്ട് വിഷകലയെ ജ്വലിപ്പിച്ചുകൊണ്ടായിരിക്കും രോഗി വരുന്നത്.

നമ്മൾ അന്നം ഉണ്ടാക്കുന്നില്ല. അന്നമുണ്ടാക്കിയവന് വേഷമില്ല. അന്നം വിളമ്പുന്നവന് വിദ്യാഭ്യാസമില്ല. നമുക്ക് വിദ്യാഭ്യാസമുണ്ട്. അതുകൊണ്ട് പുച്ഛം വരാൻ സാധ്യതയുണ്ട്. അവന്റെ വിയർപ്പിന്റെ മൂല്യമുള്ള അന്നം നമ്മളിൽ പചിച്ച് രക്തവും മാംസവും മേദസ്സും അസ്ഥിയും ശുക്ലവുമാകുന്ന അന്നം ധാതുക്കളായി പരിണമിക്കുമ്പോൾ നമ്മൾ അവനെ നിന്ദിക്കുന്ന ശബ്ദം കേട്ട് ആ അന്നത്തിന്റെ സൂക്ഷ്മാംശം വെറുതെയിരിക്കും എന്നു കരുതരുത്. അതു കോശപ്രക്രിയയെ പിടിക്കുകതന്നെ ചെയ്യും.

കിരി, പാമ്പ്, ഗന്ധർവൻ ആദിയായവർ അറിയുന്ന ഔഷധങ്ങളെയും ഹംസാദികളായ പക്ഷികൾ അറിയുന്ന ഔഷധികളെയും പുരുഷന്റെ രക്ഷയ്ക്കായി ആഹ്വാനം ചെയ്യുന്നു എന്നു പറയുന്നു.

ചരകൻ പറയുന്നത് ആടു മേയ്ക്കാൻ പോകുന്നവരിൽനിന്നു പഠിക്കണമെന്നാണ്. അവർക്ക് ഔഷധങ്ങൾ കൂടുതൽ അറിയാം. ഋഗ്വേദവും അഥർവവേദവും പറഞ്ഞിരിക്കുന്നത് പന്നി മുതലായ ജീവജാലങ്ങൾക്ക് ഔഷധം നന്നായി അറിയാം എന്നാണ്. പന്നിയിൽനിന്നു പഠിച്ച ഔഷധങ്ങൾക്കു പ്രത്യേകം പേരുണ്ട്. ദേശത്തെയും കാലത്തെയും ആ ഔഷധം കണ്ടുപിടിച്ച ജീവികളെയും അടിസ്ഥാനമാക്കിയാണ് ഔഷധങ്ങൾക്കു പേരിടുന്നത്.

സാമ്യംകൊണ്ട് മരുന്നു കണ്ടെത്തുന്ന രീതി...

വൈദികകാലം മുതൽ ആ രീതിയിലുള്ള കണ്ടെത്തലുകൾ ഉണ്ട്. അവയവങ്ങളെ പ്രതിനിധീകരിക്കുന്ന സസ്യങ്ങൾ ആ അവയവങ്ങൾക്കു നല്ലതാണ് എന്ന്. ചിലത് രീതിയിൽനിന്നു പഠിക്കേണ്ടതുണ്ട്. ഉദാഹരണത്തിന് ആലിന്റെ വിടുവേര് വായുവിലൂടെ വളരുന്നതാണ്. അതിന് ഗ്രോത്ത് ഹോർമോൺ കൂടുതലാണ്. വളർച്ച കുറഞ്ഞ കുട്ടിക്ക് ആലിന്റെ വിടുവേരു കൊടുത്താൽ കുട്ടി വളരും എന്നതു സത്യമാണ്. സ്ത്രീകളുടെ യൂട്രസ് പുറത്തേക്കു വരുന്ന രോഗത്തിന് ഒരു മരുന്നുണ്ടാക്കും. ഒരാമ തലയും കാലും പുറത്തേക്കു നീട്ടുന്നത് എപ്രകാരമാണോ അതനുസരിച്ച് ആമയുടെ തലയും കാലുമെടുത്ത് മഷിയുണ്ടാക്കി തേച്ചാൽ യൂട്രസ് അകത്തേക്കു കയറിപ്പോകും. ഗിനിപ്പന്നി, വെള്ളെലി തുടങ്ങിയവയിൽ പരീക്ഷണം നടത്തുന്നതിനു പകരം കോമൺ സെൻസിനെയാണ് ആശ്രയിച്ചത്. ആധുനിക വൈദ്യശാസ്ത്രത്തിന് ഇല്ലാത്തതും അതുതന്നെ.

കാൻസറിനെയും മറ്റും ഫലപ്രദമായി നേരിടാൻ ആധുനികവൈദ്യശാസ്ത്രത്തിനു കഴിഞ്ഞിട്ടില്ലേ?

ആധുനികവൈദ്യം ഇന്നിറക്കുന്ന ഔഷധങ്ങളുടെ സൈഡ് ഇഫക്ടുകൾ കൊണ്ടാണ് ലോകം ഇന്നു വിഷമിക്കുന്നത്. കോശങ്ങളുടെ അമിതവളർച്ചയാണ് കാൻസർ എന്നു പറഞ്ഞ് ഓങ്കോളജിസ്റ്റ് നിങ്ങളെ സിടി സ്കാൻ, എക്സ്റേ, അൾട്രാസൗണ്ട്, എംആർഐ, പെറ്റ് എന്നിങ്ങനെ കൊണ്ടുപോകുമ്പോൾ ഈ ടെസ്റ്റുകൾ

എങ്ങനെയാണ് കോശത്തിൻെറ അമിത വളർച്ചയെ കാണിക്കുന്നത് എന്ന് അവരോടു ചോദിക്കണം. കോശസൂക്ഷ്മതകൾ സ്കാൻ ചെയ്തിട്ട് കാൻസർ ഇന്ന രീതിയിലാണ് വളർന്നത് എന്നു പറയാൻ പറ്റുമോ? ചിന്തിച്ചാൽ, മനുഷ്യന് അമിതമായ സ്വാതന്ത്ര്യവും പ്രതീക്ഷയും നൽകുന്നുണ്ട് ഇത്. ആഹാരനീഹാര മൈഥുനനിദ്രകളിൽ വികലതകൾ പുലർത്തിയാലും ശാസ്ത്രം രക്ഷിച്ചുകൊള്ളും എന്ന തോന്നൽ വിദ്യാസമ്പന്നരിൽ ആധുനിക വൈദ്യം ഉണ്ടാക്കിയിട്ടുണ്ട്. ഏറെക്കാലത്തെ ചികിത്സയ്ക്കു ശേഷം രോഗം മാറുകില്ല എന്ന് അവർ ബോധ്യപ്പെടുത്തുകയും ചെയ്യും.

ശരീരപരിശോധനകൾ

നിരന്തരമുള്ള ശരീരപരിശോധനകൾ അപകടം ചെയ്യും എന്ന് സ്വാമി ആവർത്തിച്ചു പറയുന്നുണ്ടല്ലോ?

അന്തരീക്ഷവുമായി പൊരുത്തപ്പെട്ടു ജീവിക്കുന്ന മനുഷ്യന് ശരീരത്തിൽ നൂറു മാറ്റങ്ങൾ വരും. കാൻസറൊക്കെ പലപ്പോഴും ഒരു മരുന്നുമില്ലാതെ മാറിപ്പോകും. ഓങ്കോളജിസ്റ്റ് ചികിത്സിച്ച് ഉപേക്ഷിച്ച രോഗിക്ക് ആദിവാസിയുടെ അടുക്കൽപ്പോയി രോഗം മാറി എന്നോ ഒരു ചക്ക തിന്നപ്പോൾ മാറി എന്നോ ഒക്കെ പറയുന്നത് അതുകൊണ്ടാണ്.

സ്വാമി മുൻപു പറഞ്ഞിട്ടുണ്ട് കഴുത്തിൽ മുഴയുണ്ടോ എന്ന് ഡോക്ടർ പലവട്ടം പരിശോധിച്ചാൽ മുഴയുണ്ടാകും എന്ന്.

ഉണ്ടാകും. ഒരു സംശയവുമില്ല. കോശങ്ങൾക്ക് സംവേദനക്ഷമതയുണ്ട്.


ബോധത്തിൽ പോയി ചികിത്സിച്ചാൽ ഔഷധങ്ങൾ ആവശ്യമില്ല എന്നും പറഞ്ഞിട്ടുണ്ട്.

അതെ.

അപ്പോൾ പല രോഗങ്ങൾക്ക് പല യോഗങ്ങൾ എന്ന വ്യവസ്ഥയും ആവശ്യമില്ലല്ലോ?

ആയുർവേദം ഒരു ഭൗതികശാസ്ത്ര സംജ്ഞയോടു കൂടിയതാണ്. ദ്രവ്യവിജ്ഞാനം, പദാർഥവിജ്ഞാനം എന്നിവയോടുകൂടിയ അടുക്കുള്ള ഒരു ശാസ്ത്രമാണ്. ഏകൗഷധങ്ങൾ ആയുർവേദത്തിൽ ഇല്ലാത്തത് അതുകൊണ്ടാണ്. ആയുർവേദം അനാറ്റമിക്ക് പ്രാധാന്യം നൽകിയിട്ടില്ല. ഫിസിയോളജിക്കാണ് പ്രാധാന്യം. അനാറ്റമി ശരീരവ്യവച്ഛേദ ശാസ്ത്രമാണ്. ശരീരം വ്യവച്ഛേദം ചെയ്യാൻ പറ്റുന്നത് മരിക്കുമ്പോഴാണ്. ശവത്തിൻെറ തത്ത്വം കൊണ്ട് ജീവനുള്ളതിൽ ചികിത്സിക്കാനാവില്ല. ശരീരജീവശാസ്ത്രത്തിനു പ്രാധാന്യം കൊടുത്തുകൊണ്ട് ചികിത്സിക്കുന്നതുകൊണ്ടാണ് ഔഷധങ്ങളുടെ കുഴപ്പം മാറ്റാൻ യോഗൗഷധങ്ങൾ മാത്രം കൊടുത്തത്. ആ യോഗങ്ങളെടുക്കാതെ ആയുർവേദം ഇപ്പോൾ പേറ്റൻറ് ഡ്രഗ്ഗുകൾ ഉപയോഗിക്കുന്നുണ്ട്. അതുപോലെ പ്രൊപ്പറേറ്ററി മെഡിസിൻ മുൻപുപയോഗിച്ച ഒരു മരുന്നിലുള്ള ഔഷധമാണെന്നുള്ളതുകൊണ്ട് മറ്റൊന്നിലുപയോഗിക്കാൻ ഡ്രഗ് കൺട്രോളർ അനുവാദം തരും. അത്തരം ഔഷധകൽപ്പനകൾ അപകടം ചെയ്യും. കഷായം, ഘൃതം, ലേഹ്യം തുടങ്ങിയവയിൽ ഔഷധങ്ങൾ നാനോതലത്തിലാണ് കാണുക. പ്രഭാവപൂർണങ്ങളായ ചിലതൊഴിച്ചാൽ ഏകൗഷധങ്ങൾ ഉപയോഗിക്കാത്തത് ഇതുകൊണ്ടാണ്.

ചില മരുന്നുകൾ തൊട്ടുരിയാതെ പറിച്ചെടുക്കണം, ചിലതിൻെറ വടക്കോട്ടു പോകുന്ന വേരുതന്നെ പറിച്ചെ



ടുക്കണം എന്നൊക്കെ സ്വാമി പറഞ്ഞു കേട്ടിട്ടുണ്ട്.

ദക്ഷിണായനത്തിലാണ് മഴയുള്ളത്. ആ സമയത്ത് സൂര്യൻ തെക്കാണ്. തീക്ഷ്ണങ്ങളല്ല രശ്മികൾ. ആദാന വിസർഗ വിക്ഷേപങ്ങൾ എന്നു മൂന്ന് കാലമുണ്ട്. സൂര്യൻ വിസർഗ കാലത്ത് വടക്കാണ്. വടക്കോട്ടുപോകുന്ന വേരിൽ സൗരോർജത്തിന്റെ നിറവുണ്ടാകാനുള്ള സാധ്യത കൂടുതലുണ്ട്. തെക്കോട്ടു പോകുന്ന വേര് സൂര്യനെ അറിയുന്നത് ആദാനകാലത്താണ്. തെക്കോട്ടു ചായ്‌വുള്ള ഭൂമി മോശമാണെന്നു പറയുന്നതും ഇതുകൊണ്ടാണ്.


വൈദ്യൻ ഭയസംഭ്രമങ്ങൾ കാണിക്കരുത് എന്നു പറയുന്നത് എന്തുകൊണ്ടാണ്?

രോഗിയെ കാണുമ്പോൾ, വൈദ്യന്റെ ഉള്ളു നടുങ്ങിയാൽ അതു രോഗി അറിയും. ആ രോഗി രക്ഷപ്പെടില്ല. രോഗി രക്ഷപ്പെടും എന്നു വൈദ്യനു തോന്നിയാൽ അത് രോഗിയിലേക്കു ഭാവാത്മകമായി പകരും. രോഗി അരക്ഷിതനും വൈദ്യൻ സുരക്ഷിതനുമാകുന്ന നിയമങ്ങളാണ് വൈദ്യശാസ്ത്രത്തിലുള്ളത്. ചരകന്റെ കാലത്ത് വ്യാവഹാരിക ആയുർവേദം (medical law) ഇല്ല. ചരകൻ ചികിത്സയെ വ്യവസായമായി കണ്ടിട്ടില്ല. ശുശ്രുതനിലേക്കു വന്നപ്പോൾ ഒരു തൊഴിലാണ്, അവിടെ നിയമമുണ്ടായി. ഔഷധം കൊടുക്കുമ്പോൾ രോഗിയുടെ അനുമതി വാങ്ങിക്കണമെന്നും രാജാവിന്റെ അനുമതി വാങ്ങിക്കണമെന്നും എഴുതിയിട്ടുണ്ട്.

രാജശത്രുവിനെ ചികിത്സിക്കരുത് എന്നും എഴുതിയിട്ടുണ്ട്.

ഉണ്ട്. രണ്ടു വൈദ്യന്മാർ തമ്മിൽ എന്തെല്ലാം ശത്രുതയുണ്ടെങ്കിലും ഒരു രോഗിയെ ചികിത്സിക്കുമ്പോൾ എതിർക്കുന്ന വൈദ്യനെ വിളിച്ച് ചർച്ച ചെയ്തിട്ടുവേണം ചികിത്സ ചെയ്യാൻ എന്നു ശുശ്രുതൻ വ്യക്തമായി എഴുതിയിട്ടുണ്ട്. ശുശ്രുതന്റെ കാലത്ത് അതു വ്യവഹാരമായി. എന്നാൽ ചരകൻ ചികിത്സ കഴിഞ്ഞ് രോഗം മാറിപ്പോയവരോട് പിന്നീടു ബന്ധപ്പെടരുത് എന്ന് എഴുതിയിട്ടുണ്ട്. ഇത് ഒരു കച്ചവടമാക്കി തുടരരുത്. സ്ത്രീകളിൽനിന്ന് ഒരു പാരിതോഷികവും വൈദ്യൻ വാങ്ങരുത് എന്നും ഏതെങ്കിലും സ്ത്രീ പാരിതോഷികമായി വന്നാൽ ഭർത്താവ്, അച്ഛൻ തുടങ്ങിയവരുടെ സാന്നിധ്യത്തിൽ മാത്രമേ വാങ്ങാവു എന്നും പറഞ്ഞിട്ടുണ്ട്.

ചരകൻ ചികിത്സ കഴിഞ്ഞ് രോഗം മാറിപ്പോയവരോട് പിന്നീടു ബന്ധപ്പെടരുത് എന്ന് എഴുതിയിട്ടുണ്ട്. ഇത് ഒരു കച്ചവടമാക്കി തുടരരുത്. സ്ത്രീകളിൽനിന്ന് ഒരു പാരിതോഷികവും വൈദ്യൻ വാങ്ങരുത്.



വൈദ്യന്മാരെ കവിരാജ് എന്നു വിളിച്ചിരുന്നു. പഴയ പല വൈദ്യന്മാരും കവിത എഴുതിയിരുന്നു. സ്വാമി ഉൾപ്പെടെ കുറെപ്പേർ ആത്മീയാചാര്യന്മാരായി. വൈദ്യവും ഈ പറഞ്ഞവയുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

'വിദ' ധാതുവിൽനിന്നാണ് വൈദ്യൻ ഉണ്ടായത്. അറിവുള്ളവൻ എന്നാണർഥം. എന്തിന്റെ അറിവ്? ബ്രഹ്മാണ്ഡത്തിന്റെയും പിണ്ഡാണ്ഡത്തിന്റെയും അറിവ്. വൈദ്യം, ജ്യോതിഷം, കൽപ്പം, നിരുക്തം, ഛന്ദസ്സ് ഇവയൊക്കെ താഴ്ന്ന വിദ്യകളാണ്. താഴ്ന്ന വിദ്യകൾ അറിയപ്പെടേണ്ടതിനെ അറിയിക്കുന്നില്ല. എന്തിനെ അറിയണമോ അതിനെ അറിയിക്കാതെ അതിൽനിന്നുണ്ടായതിനെ അറിയിക്കുന്നു. പ്രപഞ്ചത്തെ അറിയിക്കുന്ന വിദ്യകളാണ് ഇതെല്ലാം. ആ അറിവ് കഴിഞ്ഞുള്ള അറിവാണ് സംന്യാസത്തിലും മറ്റുമുള്ളത്. ഏതൊന്നറിഞ്ഞാൽ എല്ലാം അറിഞ്ഞോ ആ വിദ്യ.

പാരമ്പര്യ രോഗങ്ങളെ തടയാൻ കഴിയുമോ?

ചിലതു മാറും. ചിലതു കുറയും. ചിലതു ശാന്തമായിരിക്കും. പാരമ്പര്യതലങ്ങളിൽ പെരുമാറുന്ന കോശങ്ങളുടെ വിഭൂതിയെ ഔഷധങ്ങൾകൊണ്ട് വാതപിത്തകഫങ്ങളുടെ സമീകരണത്തിലൂടെ നിർത്താം.

മാനസികരോഗങ്ങളും ഇങ്ങനെയാണോ?

ശരീരിക രോഗങ്ങളോടൊപ്പമാണ് പല മാനസിക രോഗങ്ങളും. ശരീരത്തിൽനിന്നു മനസ്സിലേക്കും മനസ്സിൽനിന്നു ശരീരത്തിലേക്കും പോകാൻ ഇടനാഴികളുണ്ട്.

ഓട്ടിസം ചികിത്സിച്ചു മാറ്റാനാകുമോ?

പൂർണമായും ചികിത്സിച്ചു മാറ്റാം. അതിൽ ബ്രെയിനിനു തകരാറു കാണുന്നില്ല.

ഹൈപ്പറാക്ടീവായി കുട്ടികൾ കാണുന്നുണ്ട്.

ശരിയായി ഉറങ്ങി രൂപപ്പെടേണ്ടതാണ് കുട്ടികളുടെ ജീവിതം. അഞ്ചു വയസ്സുവരെ ഇരുപതു മണിക്കൂറെങ്കിലും ഉറങ്ങണം. ഇന്ന് കുട്ടികളെ ഉറക്കുന്നില്ല. ഉറങ്ങുന്നുമില്ല. അഞ്ചു വയസ്സുവരെ കുട്ടികളെ സ്കൂളിൽ വിടേണ്ടതില്ല. വീട്ടിലെ വെളിച്ചം ക്രമീകരിച്ചാൽ കുട്ടികൾ ഉറങ്ങാൻ തുടങ്ങും. ■

ച്ചരൻ തുടങ്ങിയവരുടെ സാന്നിധ്യത്തിൽ മാത്രമേ വാങ്ങാവൂ എന്നും പറഞ്ഞിട്ടുണ്ട്.

വൈദ്യന്മാരെ കവിരാജ് എന്നു വിളിച്ചിരുന്നു. പഴയ പല വൈദ്യന്മാരും കവിത എഴുതിയിരുന്നു. സ്വാമി ഉൾപ്പെടെ കുറെപ്പേർ ആത്മീയാചാര്യന്മാരായി. വൈദ്യവും ഈ പറഞ്ഞവയുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

'വിദ' ധാതുവിൽനിന്നാണ് വൈദ്യൻ ഉണ്ടായത്. അറിവുള്ളവൻ എന്നാണർഥം. എന്തിന്റെ അറിവ്? ബ്രഹ്മാണ്ഡത്തിന്റെയും പിണ്ഡാണ്ഡത്തിന്റെയും അറിവ്. വൈദ്യം, ജ്യോതിഷം, കൽപ്പം, നിരുക്തം, ഛന്ദസ്സ് ഇവയൊക്കെ താഴ്ന്ന വിദ്യകളാണ്. താഴ്ന്ന വിദ്യകൾ അറിയപ്പെടേണ്ടതിനെ അറിയിക്കുന്നില്ല. എന്തിനെ അറിയണമോ അതിനെ അറിയിക്കാതെ അതിൽനിന്നുണ്ടായതിനെ അ

മാനസികരോഗങ്ങളും ഇങ്ങനെയാണോ?

ശരീരിക രോഗങ്ങളോടൊപ്പമാണ് പല മാനസിക രോഗങ്ങളും. ശരീരത്തിൽനിന്നു മനസ്സിലേക്കും മനസ്സിൽനിന്നു ശരീരത്തിലേക്കും പോകാൻ ഇടനാഴികളുണ്ട്.

ഓട്ടിസം ചികിത്സിച്ചു മാറ്റാനാകുമോ?

പൂർണമായും ചികിത്സിച്ചു മാറ്റാം. അതിൽ ബ്രെയിനിനു തകരാറു കാണുന്നില്ല.

ഹൈപ്പറാക്ടീവായി കുട്ടികൾ കാണുന്നുണ്ട്.

ശരിയായി ഉറങ്ങി രൂപപ്പെടേണ്ടതാണ് കുട്ടികളുടെ ജീവിതം. അഞ്ചു വയസ്സുവരെ ഇരുപതു മണിക്കൂറെങ്കിലും ഉറങ്ങണം. ഇന്ന് കുട്ടികളെ ഉറക്കുന്നില്ല. ഉറങ്ങുന്നുമില്ല. അഞ്ചു വയസ്സുവരെ കുട്ടികളെ സ്കൂളിൽ വിടേണ്ടതില്ല. വീട്ടിലെ വെളിച്ചം ക്രമീകരിച്ചാൽ കുട്ടികൾ ഉറങ്ങാൻ തുടങ്ങും. ■